# തിരുഹൃദയ നാദം

2024 സെപ്റ്റംബർ | ലക്കം 121 | പുസ്തകം 9



തിരുഹൃദയ തീർത്ഥാടനകേന്ദ്രം, പെരിഞ്ചേരി, ഫോൺ : 0487 2962423




**തേറാട്ടിൽ കല്ലുക്കാരൻ അന്തോണി വാറപ്പൻ**

ജനനം : 09.09.1932    മരണം : 22.09.2004

**തേറാട്ടിൽ കല്ലുക്കാരൻ വാറപ്പൻ ഭാര്യ അന്നമ്മ**

ജനനം : 16.05.1933    മരണം : 03.09.2021

[illegible]




# തിരുഹൃദയ നാദം

**പാരിഷ് ബുള്ളറ്റിൻ**

പുസ്തകം 9 | ലക്കം 121 | സെപ്റ്റംബർ 2024

പെരിഞ്ചേരി, തൃശ്ശൂർ - 680306, ഫോൺ: 0487 2962423

Website: sacredheartshrineperinchery.com Email: perincherysacredheart@gmail.com

## പത്രാധിപസമിതി

**ചീഫ് എഡിറ്റർ**
ഫാ. പോൾ താണിക്കൽ
Mob : 9495041382

**മാനേജിങ്ങ്എഡിറ്റർ**
ഫാ. ജിന്റോ ചിറമ്മൽ CMI
Mob : 8248363161

**എക്സിക്യൂട്ടീവ് എഡിറ്റർ**
പോൾ കാട്ടൂക്കാരൻ
Mob : 9495130756

**എഡിറ്റർ**
പ്രിൻസൺ പുത്തിരി
Mob : 8547258347

**ട്രഷറർ**
ഷാജു കിടങ്ങൻ
Mob : 9061955814

**അഡ്വർടൈസ്മെന്റ്**
ജോമോൻ തട്ടിൽ
Mob : 9495528715

**ട്രസ്റ്റി**
ജോസ് തെക്കിനിയത്ത്
Mob : 9447659270

**കമ്മിറ്റി അംഗങ്ങൾ**
റവ. സി. ഫെമി FCC
Ph: 0487 2342027
റവ. സി. ടിസ്സ ജീസ് FCC
Ph: 0487 2342027
ജോസ് മുത്തിപീടിക
Mob : 9946006917
ജോക്സൺ കുറ്റിക്കാട്ട്
Mob : 8113006409
ബെൻസി റോയ്
Mob : 807869536

SCAN HERE

## ഇതളുകൾ വിരുയുമ്പോൾ

| | |
|---|---|
| ഓർമ്മിക്കാൻ ആചരിക്കാൻ | 4 |
| പത്രാധിപക്കുറിപ്പ് | 5 |
| ഇടയസ്വരം | 7 |
| കൊച്ചച്ചൻ സംസാരിക്കുന്നു | 8 |
| തിരുഹൃദയനാഥന് നന്ദി | 9 |
| ജനനതിരുനാൾ (കവിത) | 11 |
| സാത്താനെ സൂക്ഷിക്കുക | 12 |
| നീറിതേങ്ങിക്കരയുന്നമ്മയ്ക്ക് (കവിത) | 14 |
| ആരോഗ്യവേദി | 16 |
| കൃപ നിറഞ്ഞവൾ അമ്മ (കവിത) | 18 |
| മാലിന്യസംസ്കരണം മലിനമാക്കരുത് | 19 |
| വി. കുരിശിന്റെ പുകഴ്ച (ലേഖനം) | 21 |
| സ്വന്തം കുരിശ് (ലേഖനം) | 51 |
| കിഡ്സ് കോർണർ | 54 |
| സഭാ വാർത്തകൾ | 55 |
| ഇടവക വാർത്തകൾ | 56 |
| സംഘടന വാർത്തകൾ | 60 |
| വിശുദ്ധരുടെ പാതയിൽ | 63 |
| നവാഗതർ, നവദമ്പതികൾ.... | 64 |
| അടിക്കുറിപ്പ് | 65 |
| നിറം കൊടുക്കൽ | 67 |
| തിരുഹൃദയനാദം ക്വിസ് | 69 |
| ബൈബിൾ കലണ്ടർ | 70 |

**മുഖചിത്രം:**
കുരിശാണ് രക്ഷ, കുരിശിലാണ് രക്ഷ

**വി. കുർബാനസമയം**
ഞായർ: 5.30 am, 7.00 am, 10.15 am, 6.00 pm
മാസാദ്യവെള്ളികളിലും മറ്റ് വെള്ളിയാഴ്ചകളിലും:
5.45 am, 7.15 am, 10.00 am, 6.00 pm
മറ്റു ദിവസങ്ങളിൽ: 6.00 am, 7.15 am

FOR PRIVATE CIRCULATION ONLY



# ഓർമ്മിക്കാൻ ആചരിക്കാൻ

**സെപ്റ്റംബർ 2024**

| | | |
|---|---|---|
| 01 | ഞായർ | എട്ടു നോമ്പാരംഭം |
| 05 | വ്യാഴം | വി. മദർ തേരേസ |
| 06 | വെള്ളി | മാസാദ്യവെള്ളി **തിരുഹൃദയ തിരുനാൾ**, പ്രാർത്ഥനാ ശുശ്രൂഷകൾ, തിരുഹൃദയ ഊട്ട് |
| 08 | ഞായർ | പ. ക. മറിയത്തിന്റെ ജനനത്തിരുന്നാൾ |
| 14 | ശനി | വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ |
| 21 | ശനി | വി. മത്തായി ശ്ലീഹാ |
| 27 | വ്യാഴം | വി. വിൻസന്റ് ഡി പോൾ |
| 29 | ഞായർ | പ്രധാനമാലാഖമാരായ വി. മിഖായേൽ, വി. ഗബ്രിയേൽ, വി. റഫായേൽ |
| 30 | തിങ്കൾ | വി. ജെറോം |

## മാസാദ്യവെള്ളി തിരുഹൃദയ ഊട്ടുതിരുനാൾ

2024 സെപ്റ്റംബർ മാസത്തെ മാസാദ്യവെള്ളി തിരുഹൃദയ ഊട്ടു തിരുനാൾ 6-ാം തിയ്യതി ആചരിക്കുന്നു. രാവിലെ 5.45 നും 7.15 നും വൈകീട്ട് 6.00 നും പാട്ടുകുർബ്ബാന, ലദീഞ്ഞ്, തിരുഹൃദയ നൊവേന, 10.00 ന് ആഘോഷമായ പാട്ടുകുർബ്ബാന, തിരുഹൃദയസന്ദേശം, ലദീഞ്ഞ്, തിരുഹൃദയ നൊവേന, ആരാധന, പ്രത്യേക പ്രാർത്ഥനാ ശുശ്രൂഷകൾ, ദിവ്യകാരുണ്യപ്രദക്ഷിണം, പരിശുദ്ധ കുർബാനയുടെ ആശീർവ്വാദം, കൈവെപ്പ് ശുശ്രൂഷ, തുടർന്ന് സൗഖ്യദായക തിരുഹൃദയ ഊട്ട്. ശുശ്രൂഷകൾക്ക് ഫാ. ബാസ്റ്റിൻ പുന്നേലിപറമ്പിൽ മുഖ്യ കാർമ്മികത്വം വഹിക്കും.

2024 സെപ്റ്റംബർ മാസം തിരുനാൾ ഏറ്റെടുത്ത് നടത്തുന്നത്

**അക്കര ഷാജി & ഷൈനി ഫാമിലി, ഒല്ലൂർ**

കുമ്പസാരത്തിനും കൗൺസിലിങ്ങിനും പ്രത്യേക സൗകര്യം ഉണ്ടായിരിക്കും.

**തിരുഹൃദയസന്നിധിയിലേക്ക് ഏവർക്കും സ്വാഗതം !!!**

കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. (മത്താ. 1: 22)




# കുരിശുകളെ സന്തോഷപൂർവ്വം സ്വീകരിക്കാം

വി.കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ തിരുസഭയിൽ സെപ്റ്റംബർ 14 ന് ആഘോഷിക്കുകയാണ്. "ആരെങ്കിലും എന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ അവൻ തന്നെതന്നെ പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ" (മത്തായി 16: 24) എന്ന ക്രൂശിതനായ ഈശോയുടെ ആഹ്വാനം സ്വീകരിച്ചുകൊണ്ട് അനുദിന ജീവിതത്തിലെ പ്രയാസങ്ങളും ദുരിതങ്ങളും രോഗങ്ങളും സഹനങ്ങളും ക്ഷമാപൂർവ്വം സഹിക്കുവാൻ നമുക്ക് സാധിക്കട്ടെ. നമ്മുടെ കുരിശുരളിൽ ക്രിസ്തുവിനെ ദർശിച്ചാൽ മാത്രമേ അവ സന്തോഷപൂർവ്വം വഹിക്കുന്നതിന് സാധിക്കുകയുള്ളൂ എന്ന യാഥാർത്ഥ്യം നമുക്ക് തിരിച്ചറിയാൻ കഴിയട്ടെ. യേശുക്രിസ്തുവിനെ സ്നേഹിക്കുന്നവർക്കും അനുഗമിക്കുന്നവർക്കും കുരിശില്ലാതെ ജീവിതവിജയത്തിന് മറ്റു മാർഗ്ഗമൊന്നുമില്ല. കുരിശിന്റെ ദൗത്യം ഓരോരുത്തരും സ്വീകരിക്കുകയും നിർവ്വഹിക്കുകയും ചെയ്യുന്നതിനെ ആശ്രയിച്ചിരിക്കും ജീവിതത്തിലെ വീഴ്ചകളും വിജയങ്ങളുമെന്ന് നാം മനസ്സിലാക്കണം. പൗലോസ് ശ്ലീഹ പറയുന്നു: 'നാശത്തിലൂടെ ചരിക്കുന്നവർക്ക് കുരിശിന്റെ വചനം ഭോഷത്തമാണ്. രക്ഷയിലൂടെ ചരിക്കുന്ന നമുക്കോ അത് ദൈവത്തിന്റെ ശക്തിയത്രെ' (1കോറി. 1:18). കുരിശ് വരയ്ക്കാനുള്ളത് മാത്രമല്ല, അത് ജീവിതത്തിൽ വഹിക്കാനുള്ളതു കൂടിയാണ്. കുരിശിനെ സ്വീകരിക്കുകയും സ്നേഹിക്കുകയും വഹിക്കുകയുമാണ് ജീവിത വിജയത്തിന് ആധാരം. കുരിശിന്റെ പുകഴ്ചയുടെ തിരുനാളിൽ കുരിശിലെ ശൂന്യവത്ക്കരണത്തിലൂടെ രക്ഷ നേടിതന്ന ക്രൂശിതന്റെ വഴിയിലൂടെ നമുക്കും നടന്നു നീങ്ങാം......

പരിശുദ്ധ അമ്മയുടെ ജനനതിരുനാൾ സെപ്റ്റംബർ 8-ാം തിയതി ആചരിക്കുമ്പോൾ അമ്മ നയിച്ച വിശ്വാസ സമന്വിതമായ ധന്യ ജീവിതത്തെപ്പറ്റിയുള്ള ഓർമ്മ സുകൃത ജീവിതമനുഷ്ഠിക്കുവാൻ നമ്മെ സഹായിക്കട്ടെ. തന്റെ മകന്റെ ജനനം മുതൽ വ്യാകുലം നിറഞ്ഞ പീഡാസഹനങ്ങളിലൂടെ കാൽവരിയിലെ കുരിശുമരണം വരെ പ്രിയ പുത്രനെ അനുഗമിച്ച വ്യാകുലമാതാവായ മറിയം നമ്മുടെ ജീവിതത്തിലെ അനുദിന കുരിശുകൾ വഹിക്കുന്നതിന് നമ്മെ ശക്തിപ്പെടുത്തട്ടെ. ഏവർക്കും വിശുദ്ധ കുരിശിന്റെ തിരുനാൾ മംഗളങ്ങളും പരിശുദ്ധ അമ്മയുടെ ജനന തിരുനാൾ ആശംസകളും ഹൃദയപൂർവ്വം നേരുന്നു.


**പത്രാധിപസമിതി**

# വലിയ ഇടയന്റെ ശബ്ദം

## ദിവ്യകാരുണ്യം ഹൃദയത്തിന്റെ വിശപ്പ് ശമിപ്പിക്കുന്ന ഭക്ഷണം: *ഫ്രാൻസീസ് പാപ്പ*



പിതാവ് നമുക്ക് നൽകുന്ന ഈ സ്വർഗീയ അപ്പം പുത്രന്റെ ശരീരം തന്നെയാണെന്നും പ്രത്യാശക്കും സത്യത്തിനും രക്ഷക്കും വേണ്ടിയുള്ള ഹൃദയത്തിന്റെ വിശപ്പ് ശമിപ്പിക്കുന്ന ഈ ഭക്ഷണം നമുക്ക് അത്യന്താപേക്ഷിതമാണെന്നും പാപ്പ പറഞ്ഞു. യേശു തന്റെ ശരീരം തന്നെ നൽകി നമ്മെ പരിപോഷിപ്പിക്കുന്ന അത്ഭുതമാണ് ദിവ്യകാരുണ്യമെന്നും പാപ്പ വ്യക്തമാക്കി. അത്ഭുതത്തോടെയും കൃതജ്ഞതയോടെയും ദിവ്യകാരുണ്യമെന്ന അത്ഭുതത്തെക്കുറിച്ച് ധ്യാനിക്കണമെന്നും പാപ്പ ആഹ്വാനം ചെയ്തു.



## കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ

**സെപ്റ്റംബർ 14, ശനി**

**കുരിശാണ് രക്ഷ,**
**കുരിശിലാണ് രക്ഷ,**
**കുരിശിലാണ് വിജയം**

രാവിലെ 7.15 ന് ലദീഞ്ഞ്, ദിവ്യബലി, കുരിശിനോടുള്ള പ്രാർത്ഥന, ഫ്രാൻസീസ് മാർപാപ്പ ആശീർവ്വദിച്ച് തന്ന വി. കുരിശിന്റെ ആശീർവ്വാദം, നേർച്ച വിതരണം. കുരിശിനെ ബഹുമാനിക്കാനും കുരിശിന്റെ ആശീർവ്വാദം നേടാനും ഏവർക്കും സ്വാഗതം

തിരുനാൾ പ്രസുദേന്തി
**തിരുഹൃദയനാദം പാരിഷ് ബുള്ളറ്റിൻ സമിതി**

## ഇടയസ്വരം



സ്നേഹമുള്ളവരെ, ഈ മാസത്തിൽ നമ്മൾ പരി. അമ്മയുടെ ജനനതിരുനാൾ എട്ടാം തിയതിയും, വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ 14-ാം തിയതിയും, വി മത്തായിയുടെ തിരുനാൾ 21-ാം തിയതിയും, 27-ാം തിയതി വി. വിൻസെന്റ് ഡി പോളും, 29-ാം തിയതി വി.റപ്പായേൽ, വി. ഗബ്രിയേൽ, വി. മിഖായേൽ മാലാഖമാരുടെയും തിരുനാൾ ആചരിക്കുന്നു.

ക്രിസ്തുമസ് പോലെ പ്രധാന തിരുനാളാണ് മേരിമസ്. മാതാവിന്റെ ജനനതിരുനാൾ. മാതാവിന്റെ ജനനതിരുനാൾ ദിവസം തന്നെയാണ് വേളാങ്കണ്ണി പള്ളിയിലെ തിരുനാളും. കാരണം, ആ ദിവസത്തിലാണ് വേളാങ്കണ്ണിയിൽ വച്ച് പോർച്ചുഗീസ് കപ്പൽ അപകടത്തിൽ പെടുന്നതും മാതാവ് പ്രത്യക്ഷപ്പെട്ട് കപ്പലിലുള്ളവരെ രക്ഷിക്കുന്നതും. അതിന്റെ ഓർമ്മയ്ക്കായിട്ടാണ് പോർച്ചുഗീസുകാർ മാതാവ് കാണിച്ചുകൊടുത്ത സ്ഥലത്ത് ദേവാലയം പണികഴിപ്പിച്ചതും.

സ്നേഹിതരേ, മാതാവിന്റെ മാദ്ധ്യസ്ഥത്താൽ വളരെ ഏറെ അത്ഭുതങ്ങൾ ഈശോ വഴി കാനായിൽ എന്നപോലെ, ഫാത്തിമാ, ലൂർദ്ദ്, ഗരബന്ദാൾ, ഗ്വാഡലൂപ്പേ, മജ്ജ്ഗോറി എന്നീസ്ഥലങ്ങളിലും പ്രത്യേകമായ വിധത്തിലും അറിയപ്പെടുന്ന രീതിയിലും സംഭവിക്കുന്നുണ്ട്.

വേളാങ്കണ്ണി മാതാവിന്റെ സന്നിധിയിലേക്കുള്ള തീർത്ഥാടക ജനപ്രവാഹം ഏതാണ്ട് വർത്തിലെ 365 ദിവസവും നടക്കുന്നുണ്ട്. ഭാരതത്തിലെയും വിദേശങ്ങളിലേയും വിവിധ മത, വർണ്ണ, ജാതിയിൽപ്പെട്ടവർ സങ്കടങ്ങളുമായി വന്ന് സന്തോഷത്തോടെ സമാധാനത്തോടെ തിരികെപ്പോകുന്നു. എണ്ണിയാലൊടുങ്ങാത്ത അനുഗ്രഹങ്ങളുടെയും അത്ഭുതങ്ങളുടെയും കാര്യമാണല്ലോ ഇവർക്കെല്ലാം പറയാനുണ്ടാകുക.



സ്നേഹിതരേ, ഈശോ കഴിഞ്ഞാൽ നമ്മുടെ പ്രധാന ഭക്തിയാണ് മാതാവിനോടുള്ള വണക്കം. ഏറ്റവും പൂർവ്വികമായ ഭക്തിയാണ്, അത് ഏറ്റവും അനുചിതമായ രീതിയിൽ ജപമാലയിലൂടെ, ഉത്തരീയ ഭക്തിയിലൂടെ നമുക്കും പ്രാർത്ഥിക്കാം. നാരകീയ സർപ്പത്തിന്റെ തല തകർത്ത പരി. അമ്മ നമ്മുടെ ജീവിതത്തിന്റെ എല്ലാ തടസ്സങ്ങളും തകർത്ത് സ്വാതന്ത്ര്യത്തിലേക്ക് നയിക്കട്ടെ.

വികാരിയച്ചൻ



## കൊച്ചച്ചൻ സംസാരിക്കുന്നു

# ദ തള്ളിസ്റ്റ് വിശുദ്ധൻ

ഈശോയുടെ പ്രിയ കൂട്ടുകാരെ,

ഈ മാസം അച്ചൻ നിങ്ങളോട് പങ്കുവെക്കാൻ ആഗ്രഹിക്കുന്നത് 'വാപൊളിയൻ' എന്ന വിളിപേരുണ്ടായിരുന്ന ഒരു വിശുദ്ധനെകുറിച്ചാണ്. അദ്ദേഹം മറ്റൊരു പേരിൽ കൂടി അറിയപ്പെട്ടിരുന്നു. 'പറക്കുന്ന വിശുദ്ധൻ'. ആരാണെന്ന് മനസ്സിലായോ? വിശുദ്ധ ജോസഫ് കുപ്പർത്തീനോ.

എട്ടാമത്തെ വയസ്സുമുതൽ ജോസഫിന് സ്വർഗ്ഗീയമായ ദർശനങ്ങൾ കിട്ടാൻ തുടങ്ങി. ദർശനത്തിൽ കണ്ട കാര്യങ്ങൾ അവൻ കൂട്ടുക്കാരോട് പറയും; അങ്ങനെ അവന് പേര് വീണു; 'വാപൊളിയൻ'; നമ്മുടെ ഭാഷയിൽ പറഞ്ഞാൽ 'ദ തള്ളിസ്റ്റ്'.

ഈ വിശുദ്ധന്റെ ജീവിതം മൊത്തത്തിൽ പൊളിയാണ്. അച്ചനാവാൻ ആഗ്രഹിച്ച് ഒരുപാട് ആശ്രമങ്ങളിൽ ജോസഫ് അലഞ്ഞ് നടന്നു. അവന്റെ തള്ള് കേട്ട് ഞെട്ടിയ ആരും അവനെ ആശ്രമങ്ങളിൽ എടുക്കാൻ തയ്യാറായില്ല. ഒടുവിൽ ഒരു ഫ്രാൻസിസ്കൻ സന്യാസാശ്രമത്തിൽ കന്നുകാലി നോട്ടക്കാരനായി ജോലി കിട്ടിയപ്പോൾ അവനത് സന്തോഷത്തോടെ സ്വീകരിച്ചു. എന്നാൽ അവന്റെ യഥാർത്ഥമായ സുകൃതജീവിതം അധികാരികളുടെ ശ്രദ്ധയിൽപ്പെട്ടു; ജോസഫിന് 25-ാമത്തെ വയസ്സിൽ പൗരോഹിത്യം നൽകി.

പള്ളിയുടെ വാതിൽക്കൽ നിന്ന് ബലിപീഠത്തിലേക്ക് ജനക്കൂട്ടത്തിന്റെ മീതെകൂടെ പറന്ന് വരിക, പറന്ന് പോയി ഒലിവുമരത്തിന്റെ കൊമ്പിലിരുന്ന് ധ്യാനിക്കുക ഇതൊക്കെയാണ് അദ്ദേഹത്തിന്റെ ഹോബികൾ. ധ്യാനിക്കുമ്പോൾ വളരെപ്പെട്ടെന്ന് സമാധിയിലെത്താൻ കഴിവുള്ളതുകൊണ്ടാണ് അദ്ദേഹത്തിന് ഇതെല്ലാം സാധിച്ചത്.

പ്രാർത്ഥിക്കുമ്പോൾ ആഴമായ ദൈവാനുഭവം ഉണ്ടാകാനും, ഈശോയുടെയും, മാതാവിന്റെയും, സ്വർഗ്ഗം മുഴുവന്റെയും സാന്നിദ്ധ്യം അനുഭവിക്കാനും, അങ്ങനെ യഥാർത്ഥ സ്വർഗ്ഗീയ ആനന്ദത്തിൽ ജീവിക്കാനുള്ള കൃപയ്ക്കായി നമുക്ക് വിശുദ്ധനോട് പ്രാർത്ഥിക്കാം.

ഈശോ എല്ലാവരേയും അനുഗ്രഹിക്കട്ടെ.

എന്ന് സ്നേഹം നിറഞ്ഞ

**ജിന്റോ അച്ചൻ**



# തിരുഹൃദയനാഥന് നന്ദി.....

1. വിവിധ പരീക്ഷകളിൽ ഉന്നതവിജയം ലഭിച്ചതിന് ഈശോയുടെ തിരുഹൃദയത്തോട് നന്ദി പറഞ്ഞുകൊണ്ട് - **രാഖി, ജെസ്സ, അനുഗ്രഹ, ആന്റണി, ക്രിസ്റ്റോ ഒല്ലൂർ, ഡിജോ ഒല്ലൂർ, റീഷ്മ ജോവിൻ മുരിയാട്, റോസി വർഗ്ഗീസ് കോടന്നൂർ**
2. മാസാദ്യവെള്ളി കുർബ്ബാനയിലും ആരാധനയിലും പങ്കുചേർന്ന് നിയോഗം വച്ച് പ്രാർത്ഥിച്ചതിന്റെ ഫലമായി ഡ്രൈവിംഗ് ടെസ്റ്റ് പാസാകാൻ സാധിച്ചതിന് തിരുഹൃദയനാഥനും പരിശുദ്ധ അമ്മയ്ക്കും നന്ദി പറഞ്ഞുകൊണ്ട് - **മിഷ പറപ്പൂർ**
3. നാട്ടിലും വിദേശത്തും ജോലി ലഭിച്ചതിന് ഈശോയുടെ തിരുഹൃദയത്തോട് നന്ദി പറഞ്ഞുകൊണ്ട് - **ആഷിൽ ജോസ് ഏങ്ങണിയൂർ, ആനി ഡേവിസ്, മിനി, ഫ്രിൻസി ലോറൻസ്**
4. ഈശോയുടെ തിരുഹൃദയത്തോട് പ്രാർത്ഥിച്ചതിന്റെ ഫലമായി സുഖപ്രസവത്തിലൂടെ ആരോഗ്യമുള്ള കുഞ്ഞിനെ ലഭിച്ചതിന് നന്ദി പറഞ്ഞുകൊണ്ട് - **മരിയ ജോസഫ്, മേഴ്സി, ബിൻസി**
5. നിയോഗം വച്ച് തിരുഹൃദയത്തോട് പ്രാർത്ഥിച്ചപ്പോൾ ഉപരിപഠനത്തിന് സീറ്റ് ലഭിച്ചതിന് നന്ദി പറഞ്ഞുകൊണ്ട് - **റെജി, അൽമ**
6. വീടും പറമ്പും വിൽക്കാൻ സാധിച്ചതിന് തിരുഹൃദയനാഥന് നന്ദി പറഞ്ഞുകൊണ്ട് - **അനു**
7. യേശുനാഥന്റെ അടുത്ത് ഒമ്പത് മാസം മുടങ്ങാതെ വന്ന് പ്രാർത്ഥിച്ചതിന്റെ ഫലമായി മകൻ ആൽവിൻ മദ്യപാനം നിർത്തി, ജോലിക്ക് പോകാൻ തുടങ്ങി. ഈ വലിയ അനുഗ്രഹത്തിന് കോടാനുകോടി നന്ദി പറഞ്ഞുകൊണ്ട് - **ജാൻസി**
8. ഓപ്പറേഷനിലൂടെയും അല്ലാതെയും രോഗസൗഖ്യം നൽകി അനുഗ്രഹിച്ച ഈശോയുടെ തിരുഹൃദയത്തോട് നന്ദി പറഞ്ഞുകൊണ്ട് - **ലിച്ചി കോയമ്പത്തൂർ, ലിൻസി, എഡ്വിൻ**



അവൻ പരിശുദ്ധാത്മാവിനാലും അഗ്നിയാലും നിങ്ങളെ സ്നാനപ്പെടുത്തും. (മത്താ. 3 : 11)

# Greetings

## HAPPY BIRTHDAY

സെപ്റ്റംബർ മാസത്തിൽ ജന്മദിനം ആഘോഷി ക്കുന്ന നമ്മുടെ ഇടവക യിലെ സമർപ്പിതർ



ഫാ. ആൽവിൻ
ആലുക്കൽ
19/9/2024



സി. വിമല OSF
27/9/24



ബ്ര. ക്രിസ്റ്റീൻ
ചീരമ്പൻ
04/9/2024



ബ്ര. സ്റ്റീഫൺ
പാലിശ്ശേരി
18/9/24



സി. ട്രീസ
ജോയ്സി FCC
26/9/24

## HAPPY FEAST

സെപ്റ്റംബർ മാസത്തിൽ നാമഹേതുക തിരുന്നാൾ ആഘോഷിക്കുന്ന നമ്മുടെ ഇടവകയിലെ സമർപ്പിതർ



സി. റിയ ജീസ്
8/9



സി. രേഷ്മ
CMC
8/9



ബ്ര. സ്റ്റീഫൺ
പാലിശ്ശേരി
21/9

**കവിത**

# ജനനതിരുനാൾ

നക്ഷത്രം പൊട്ടിവിരിഞ്ഞൊരു അമ്മേ!
നിന്നിൽ ജന്മ പാപം പോലും തീണ്ടിയില്ല.
നല്ലൊരു സുഗന്ധം പരത്തി, നിൻ ജനനം,
നസ്രസ്സിൻ നിവാസികൾ അതാസ്വാദിച്ചു.
　　പരിശുദ്ധഅമ്മേ! അമലോത്ഭവെ!
　　പുണ്യജനനി നിൻ ജന്മം എത്രയോ മഹത്വം.
　　പരിശുദ്ധാത്മാവിൻ പ്രിയ മണവാട്ടി,
　　പാരിൽ നിൻ കാരുണ്യം നിറയട്ടെ.
നീതിമാനാം യൗസേപ്പിന്റെ വിരക്ത പത്നീ,
നീതിയുടെ നിറകുടമായി ജീവിച്ചവളെ,
നല്ലൊരു അമ്മയായി മക്കളെ വളർത്താൻ
നൽവരം ഞങ്ങൾക്ക് ഏകണമെ, തായേ!
　　ഒത്തിരി വേദനയാൽ മനമിടിഞ്ഞ്,
　　ഒരിക്കലും കൈവിടില്ലെന്ന പ്രത്യാശയുമായ്,
　　ഓടിയണയുന്നു അമ്മേ! നിൻ ചാരെ,
　　ഓമനമക്കൾ ഞങ്ങളിതാ, തായേ!

**മേരി ജോസഫ്, വീരമ്പുള്ളി**
സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ്



## വിശുദ്ധരുടെ വചസ്സുകൾ

"കൂദാശകൾ കഴിഞ്ഞാൽ മറ്റെല്ലാ ഭക്തി പ്രകടനങ്ങളെക്കാളും വലുത് വി. കുർബ്ബാനയിൽ (ദിവ്യകാരുണ്യ ആരാധന) യേശുവിനെ ആരാധിക്കുന്നതാണ്."

**വി. അൽഫോൻസ് ലിഗോരി**

ലേഖനം

# സാത്താനെ സൂക്ഷിക്കുക

## പിശാചിനെ പിന്തുടർന്നാൽ

പിശാചിനെ പൂജിച്ചാൽ നേട്ടങ്ങൾ കൊയ്തെടുക്കാം എന്നു വിശ്വസിക്കുന്നവരുടെ എണ്ണം ആധുനിക വൈജ്ഞാനിക യുഗത്തിലും വർദ്ധിച്ചു വരുന്നു. ഉദ്ദിഷ്ട കാര്യ സാധ്യത്തിനും, സാമ്പത്തിക നേട്ടങ്ങൾക്കു മെല്ലാം പിശാചിനെ പൂജിക്കാൻ ക്ഷണിക്കുന്ന പരസ്യങ്ങൾതന്നെ കാണാം. പരീക്ഷയ്ക്ക് ചോദ്യോത്തരങ്ങൾ മുൻകൂട്ടി അറിയണമോ? ഇഷ്ടമുള്ള സ്ത്രീയെ വശീകരിക്കണമോ? ശത്രുവിനോട് പ്രതികാരം ചെയ്യണമോ? ഏതിനും സാത്താനെ സമീപിച്ചാൽ മതിയത്രേ!

ദൈവം മനുഷ്യനെ സ്നേഹിക്കുന്നുവെങ്കിലും ഇത്തരം ആഗ്രഹങ്ങൾ ഒന്നും സാധിച്ചുകൊടുക്കുകയില്ലല്ലോ. അതുകൊണ്ട് ഇങ്ങനെ പെട്ടെന്നുള്ള കാര്യസാധ്യത്തിനാണ് പലരും പിശാചിനെ പിൻതുടരുന്നത്. അത്ഭുത സിദ്ധികളുള്ള ഏലസ്സുകൾ, ചെയിനുകൾ, ചരടുകൾ, പ്രശ്നം, മന്ത്രവാദം, ജ്യോതിഷം, ചാത്തൻസേവ മുതലായി പ്രത്യക്ഷമായോ, പരോക്ഷമായോ സാത്താന്റെ സഹായം തേടാൻ പലവഴികളുണ്ട്. ഇവയ്ക്ക് ഏറ്റവും ഗൗരവമുള്ളതാണ് പിശാചിനെ ആരാധിക്കുന്ന പിശാചുമതം. തിന്മയുടെ മൂർത്തീഭാവമായ പിശാചിനെ ആരാധിക്കുന്നവരുടെ സംഘം.

ആരംഭം അമേരിക്കയിലാണ്. മതങ്ങളോടും, നന്മയായിട്ടുള്ള ഏതിനോടും സർവ്വോപരി യേശുവിനോടും ബൈബിളിനോടും തീരാത്ത പക സാത്താൻസഭയുടെ പ്രത്യേകതയാണ്. അതിഭീകരമായ കുറ്റ കൃത്യങ്ങൾക്കും സാമൂഹ്യവിരുദ്ധ നടപടികൾക്കും ഇവർ കുപ്രസിദ്ധരാണ്. അമേരിക്കയിലെ വൻനഗരങ്ങളിൽ ഇവരെ തടയാൻ പ്രത്യേക പോലീസ് സംഘങ്ങൾ തന്നെയുണ്ട്. സാത്താൻ മതത്തിൽ അംഗമായാൽ ദൈവത്തിന് എതിരായതെന്തും ചെയ്യേണ്ടിവരും. മദ്യവും മയക്കുമരുന്നും ശീലമാക്കണം. സെക്സിന്റെ എല്ലാവിധമായ ദുരുപയോഗങ്ങൾക്കും, എല്ലാവിധ അക്രമ പ്രവർത്തനങ്ങൾക്കും തയ്യാറായിരിക്കണം. ഇഷ്ടമില്ലെങ്കിലും ബലം പ്രയോഗിച്ച് ഇതെല്ലാം ചെയ്യിക്കും. സർവ്വവിധ വൈകൃതങ്ങളും ഉള്ള സാത്താൻമതം വളരെ രഹസ്യമായിട്ടാണ് പ്രവർത്തിക്കുന്നത്.

തിന്മയുടെ വിത്തുവിതച്ചുകൊണ്ട് ലോകവ്യാപകമായി അത് വളർന്നുകൊണ്ടിരിക്കുന്നു.

## സാത്താൻ സഭ കേരളത്തിലും

സാത്താനെ പൂജിക്കുന്ന കേന്ദ്രങ്ങൾ കേരളത്തിൽത്തന്നെ പലയിടങ്ങളിലുമുണ്ട്. സദാചാരവിരുദ്ധരായ സമ്പന്ന വർഗ്ഗമാണ് ഈ ഗണത്തിലേറെയും. മിക്കവയും മദ്യത്തിന്റെയും മയക്കുമരുന്നുകളുടെയും കേന്ദ്രങ്ങളും, വ്യഭിചാരം, സ്വവർഗ്ഗഭോഗം, പ്രകൃതിവിരുദ്ധരതി തുടങ്ങിയവയുടെ സങ്കേതങ്ങളുമാണ്. ആളുകളുടെ മാനസികാസ്വസ്ഥതകളും മോഹങ്ങളും മോഹഭംഗങ്ങളുമെല്ലാം പ്രയോജനപ്പെടുത്തിയാണ് ഇവ വളരുന്നത്.

സാത്താനാരാധന കേന്ദ്രങ്ങൾ ഫ്രീമേസൺസ് ക്ലബ്ബുകൾ എന്ന പേരിലാണ് അറിയപ്പെടുന്നത്. ആഗോളവ്യാപകമായി പ്രവർത്തിക്കുന്ന അതീവ രഹസ്യപ്രസ്ഥാനമാണിത്. അംഗങ്ങൾ പലരും സമ്പന്നരും സമൂഹത്തിലെ വമ്പന്മാരുമാണ്. ഹാളിലേക്കു കടത്തിവിടുന്ന കാവൽക്കാർക്കു പോലും ഉള്ളിൽ എന്താണു നടക്കുന്നതെന്ന് കൃത്യമായി അറിഞ്ഞുകൂടാ. സംഘത്തിലെ രണ്ടു പേരെങ്കിലും ശുപാർശ ചെയ്തെങ്കിലേ പുതിയ ഒരാളെ ഗ്രൂപ്പിൽ ചേർക്കൂ. സംഘത്തിലെ രഹസ്യങ്ങളൊന്നും പുറത്തു പറയുകയില്ലെന്ന് അയാൾ ദൃഢപ്രതിജ്ഞ എടുക്കുകയും വേണം. ഈ പ്രതിജ്ഞ ലംഘിച്ചാൽ കഠിനശിക്ഷയായിരിക്കും ഫലം.

സാത്താൻ മതത്തിലും ഒരു മുഖ്യപുരോഹിതനും ഒട്ടേറെ പുരോഹിതരുമുണ്ട്. സാത്താന്റെ വേദപുസ്തകവും സാത്താനെ പൂജിക്കുന്ന ബ്ലാക്ക് മാസ്സും അവർക്കു സ്വന്തം. തലതിരിഞ്ഞ കുരിശും അഞ്ചുകാലുള്ള നക്ഷത്രവും അതിനു ചുറ്റുമുള്ള വലയവും സാത്താന്റെ ഔദ്യോഗിക ചിഹ്നങ്ങളാണ്. അവരുടെ പഠനങ്ങളും തലതിരിഞ്ഞതാണ്. അസൂയ, കോപം, അത്യാഗ്രഹം, കാമഭ്രാന്ത്, അഹങ്കാരം മുതലായവയെല്ലാം അഭ്യസിക്കണമെന്നാണ് അവർ പഠിപ്പിക്കുന്നത്. യേശുവിനെ അവഹേളിക്കാൻ സാദ്ധ്യമായതെല്ലാം അവർ ചെയ്യുന്നു. തിരുവോസ്തിവച്ച് ആവുന്നത്ര നിന്ദിക്കാൻ നോക്കുന്നു. വി. കുർബാനയുടെ മഹത്വം ക്രൈസ്തവരിൽ പലരും മനസ്സിലാക്കുന്നില്ലെങ്കിലും സാത്താൻ ശ്രമിക്കുന്നതും ദിവ്യകാരുണ്യം മോഷ്ടിച്ചുകൊണ്ടുവരുന്നവർക്ക് വലിയ തുക പ്രതിഫലം ലഭിക്കുന്നു. ഇങ്ങനെ പണം സമ്പാദിക്കുന്നവരുണ്ട്. പക്ഷേ അവരുടെ കുടുംബങ്ങൾ തകരുന്നതായി കാണുന്നു. ആത്മഹത്യ, അപകടമരണം, മാറാരോഗങ്ങൾ മുതലായവ ആ കുടുംബങ്ങളിൽ അപൂർവ്വമല്ല.

(തുടരും)

കവിത


# നീറിത്തേങ്ങിക്കരയുന്നമ്മയ്ക്ക്

ഭർത്താവ് മരിച്ച കാലത്തിലാഘാതം
പേറി തേങ്ങിക്കരഞ്ഞോരമ്മ നീറ്റലായ്
തന്നേയും മക്കളേയും വിട്ടു പറന്നു
പരലോകം പൂകിയതേറെ ദുഃഖമായ്
ദുഃഖമുക്തയായേറെ മാസം കഴിഞ്ഞ്
വരുമ്പോൾ ഹൃത്തിലൊരിടിവെട്ടൽ നാദം
തന്റേകമകൻ കഠിനരോഗി, വാർത്ത
മനം നീറി വിങ്ങിക്കരഞ്ഞു പ്രാർത്ഥിച്ചു
കഷ്ടമേ ദുരന്തം വന്നണഞ്ഞു വീണ്ടും
മകനും പോയണഞ്ഞു താതൻ വഴിയേ
ആദരാഞ്ജലികളർപ്പിക്കുന്നീ ദിനം
അമ്മേ ഞാൻ ചൊല്ലട്ടെയാശ്വാസ വചനം
ദൂതനാഗതനായി ചൊല്ലിയാമോദാൽ
ദൈവകൃപ നിറഞ്ഞവളാണ് സ്വസ്തി
പരിശുദ്ധാത്മാവ് ആവേശിക്കും നിന്നിൽ
ഗർഭം ധരിച്ച് നീ പ്രസവിക്കും പുത്രൻ-
ദൈവസുതൻ, യേശുവെന്ന് പേർ നൽകണം
ഔസേപ്പിതാവ് രക്ഷകനായി തീർന്നു
ഗർഭകാലം ഹേറോദേസിൽ നിന്ന് രക്ഷ-
പ്പെടാൻ, രാത്രിയിലീജിപ്തിലേക്കോടിപ്പോയ്
ദൂതൻ ചൊന്ന പ്രകാരം മടങ്ങി വന്നു
ജനസംഖ്യ കണക്കെഴുതുന്നതിനായ്
യാത്രയായ് പ്രസവസമയമടുത്തു
സത്രത്തിൽ പോലല്പമഭയം കിട്ടീല്ല
തൊഴുത്തിൽ പുൽശയ്യയിലുണ്ണിപിറന്നു
ദൂതഗണനിരകൾ പാടി ഗ്ലോറിയ
ഹൃത്തിൽ സംഗ്രഹിച്ചെല്ലാം പരിശുദ്ധമ്മ
പ്രായത്തിൽ ജ്ഞാനത്തിലും പുത്രൻ വളർന്നു
മുപ്പതാം വയസ്സിൽ സുവിശേഷഘോഷം
തിങ്ങിക്കൂടുന്നെമ്പാടും ജനക്കൂട്ടങ്ങൾ
സ്പർശനമേറ്റോരെല്ലാം മുക്തി നേടുന്നു.
രോഗികളൊട്ടേറെ സൗഖ്യരായത്ഭുതം!
മരിച്ചടക്കിനാലു നാളെത്തി, ലാസർ
വിളികേട്ട് ജീവനോടെണീറ്റ് വന്നു!

വിധവതൻ മകൻ ജീവൻവച്ചുണർന്നു
മരിച്ച ബാലികയും ഉയിർത്തുവന്നു
അഞ്ചപ്പത്താലയ്യായിരത്തിൻ സമൃദ്ധി
സദ്യ വിളമ്പി ബാക്കി പന്ത്രണ്ടു കുട്ട!
യഹൂദഗണങ്ങളിതവിശ്വസിച്ചു
നിയമജ്ഞർ, പുരോഹിതർ, ഫരിസേയർ
യേശുവേ ക്രൂശിൽ തറച്ച് വധിക്കുവാൻ
മുറവിളികൂട്ടി പീലാത്തോസിനോട്
കൽത്തൂണിൽ കെട്ടിയടിച്ചേറെ ക്രൂരമായ്
രക്തം വാർന്ന് പോയി തളർന്ന നാഥന്റെ
ശിരസ്സിൽ മുൾമുടി ചാർത്തി പരിഹാസം
ഭാരമേറും കുരിശ് തോളേറ്റിയാത്ര
പീഡനം, ചാട്ടയടി, തുപ്പലാക്രോശം
എല്ലാം സഹിച്ചു; ഗോൽഗോഥായിലെത്തിച്ച്
അതിനിഷ്ഠൂരം കുരിശിൽ തറച്ചവർ
എല്ലാവരോടും ക്ഷമിച്ചു പ്രാർത്ഥിച്ചേശു
ജീവൻ വെടിഞ്ഞു മനുജവർഗ്ഗത്തിനായ്
പരമ പരിശുദ്ധനാം തന്റെ പുത്രൻ
പീഢയേറ്റ് ഹീനമാം മരണം ചാർത്തി
ഓർത്ത് തേങ്ങിവിങ്ങിക്കരഞ്ഞമ്മയേറെ
ആ അമ്മതൻ ദുഃഖമെത്രെത്ര കഠിനം
അതിദുഃഖപൂരിതം പരിശുദ്ധമ്മേ
നിന്റെ ദുഃഖമോർക്കുമ്പോളെനിക്ക്
ദുഃഖഭാരമെല്ലാം മാഞ്ഞില്ലാതാകുന്നു
ദുശ്ശീലമൊന്നുമില്ലാതിരുന്ന മകൻ
പുതുവീടു പണിതാശ്വാസമേകിയ
വിവാഹമംഗളമാശിച്ചു ജീവിച്ച
മകനെയോർത്ത് തേങ്ങിക്കരയുന്നമ്മേ
നിന്റെ ദുഃഖമൊത്തിരി കഠിനം തന്നെ
നാമെല്ലാം പാപികളല്ലേ പലവിധം
പരിശുദ്ധമ്മയ്ക്കുതകുമൊരു ദുഃഖം
ഈ ജഗത്തില്ലെന്നതാരും സമ്മതിക്കും
മാതാവേ പുത്രൻ മഹത്വമേറിയപോൽ
എന്റെ പുത്രനും നിത്യജീവൻ നേടുവാൻ
പ്രാർത്ഥിക്കണമമ്മേ തിരുസുതനോട്.

**ഫ്രാൻസീസ് മുത്തിപീടിക**
സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ്

ആരോഗ്യവേദി



# ഇറിറ്റബിൾ ബവൽ സിൻഡ്രോം (IBS)

പല ആളുകൾക്കുമുള്ള പ്രശ്നമാണിത്. ഇടയ്ക്കിടെ ടോയ്‌ലറ്റിൽ പോകണമെന്നുള്ളത്. പലർക്കും ഒരു ശീലം പോലെ ആയിരിക്കും. എവിടെയെങ്കിലും പോകാൻ നിൽക്കുമ്പോൾ ടോയ്‌ലറ്റിൽ പോകാനുള്ള തോന്നൽ, ഭക്ഷണം കഴിച്ചാൽ ഇത്തരം തോന്നൽ. ഐബിഎസ് അഥവാ ഇറിറ്റബിൾ ബവൽ സിൻഡ്രോം എന്ന അവസ്ഥയാണ് ഇത്. ഇതിനൊപ്പം പലർക്കും ഡിപ്രഷൻ പോലുള്ള തോന്നലുകളുണ്ടാകാം. ചിലർക്ക് വയറു വേദനയും കഫം പോകുന്ന അവസ്ഥയും ഉണ്ടാകാം. ഇറിറ്റബിൾ ബവൽ സിൻഡ്രോം ഉള്ളവരിൽ കണ്ടുവരുന്ന ഒരു ലക്ഷണമാണ് അനീമിയ. ദഹനപ്രശ്നങ്ങൾ കൊണ്ട് ഉണ്ടാകുന്ന പ്രശ്നങ്ങളിൽ ഒന്നാണ് ഇത്. ഇറിറ്റബിൾ ബവൽ സിൻഡ്രോം ഉള്ളവരിൽ അസാധാരണമായ വിധത്തിൽ തടി കുറയാറുണ്ട്.

ഇത് കുടലിനെ ബാധിക്കുന്ന അവസ്ഥയാണ്. നമ്മുടെ ശരീരത്തിലെ കുടലിന്റെ താളാത്മകമായ ചലനത്തിലൂടെയാണ് നമ്മുടെ ഭക്ഷണത്തിലെ ആവശ്യമുള്ള വസ്തുക്കൾ ശരീരത്തിലേയ്ക്ക് വലിച്ചെടുത്ത് ബാക്കിയുള്ളത് മലമായി പുറന്തള്ളുന്നത്. എന്നാൽ ഇറിറ്റബിൾ ബവൽ സിൻഡ്രോമിൽ ഈ താളാത്മകചലനം നടക്കുന്നില്ല. ഒന്നുകിൽ ഈ ചലനം വളരെ വേഗത്തിലാകും അല്ലെങ്കിൽ തീരെ മെല്ലെയാകും. ഇത് രണ്ടും സാധാരണ ശോധനയെ ബാധിയ്ക്കും. വേഗത്തിൽ ആണെങ്കിൽ ഇളകിയ രൂപത്തിലും വളരെ മെല്ലെയെങ്കിൽ ഉറച്ച രൂപത്തിലും പോകും. ഇത് രണ്ടും ആരോഗ്യത്തിനു നല്ലതല്ല. ഇതിലൂടെ ശരീരത്തിന് ആവശ്യമായ പോഷകങ്ങൾ ലഭിക്കുന്നില്ല. കുടലിന്റെ ചലനത്തിലും ദഹനരസത്തിന്റെ ഉൽപാദനത്തിലും വരുന്ന പ്രശ്നങ്ങളാണ് ഇതിന് കാരണമാകുന്നത്.

ഇത്തരക്കാർക്ക് പലപ്പോഴും അമിതമായ ഉത്കണ്ഠ, ഡിപ്രഷൻ പോലെയുള്ള പ്രശ്നങ്ങളുണ്ടാകാം. പലതവണ ടോയ്‌ലറ്റിൽ പോകുക, പോയാലും തൃപ്തിയാകാതിരിക്കുക, എവിടെയെങ്കിലും പോകാൻ നിൽക്കുമ്പോൾ ഈ പ്രശ്നം ഉണ്ടാകുക എന്നിവയെല്ലാം ഇതിന്റെ ഭാഗമായി ഉണ്ടാകാം. സെറോട്ടോനിൽ എന്ന ഹോർമോൺ ഉൽപാദനം അമിത

മാകുമ്പോഴും ഈ പ്രശ്നമുണ്ടാകാം. ഇതിന് ബ്രെയിനും നമ്മുടെ കുടലുമായുള്ള കണക്ഷൻ പ്രധാനമാണ്. അതിനാൽ സ്ട്രെസ്, ടെൻഷൻ പോലുള്ളവ ഉണ്ടെങ്കിൽ ഇത്തരം ഇറിറ്റബിൾ ബവൽ സിൻഡ്രോം ഉണ്ടാകാം. സ്ട്രെസ് കുറയ്ക്കുന്നതിലൂടെ 75 ശതമാനം ഈ പ്രശ്നം കുറയ്ക്കാം. അമിതമായ ഇറച്ചി, പ്രോസസ്ഡ് ഭക്ഷണങ്ങൾ കഴിക്കാതിരിക്കുക. അതുപോലെ ജങ്ക്ഫുഡ്, പഞ്ചസാര ഒഴിവാക്കുക. ധാരാളം നാരുകൾ അടങ്ങിയ ഭക്ഷണം കഴിക്കണം. അതുപോലെ കാർബോഹൈഡ്രേറ്റുകൾ (അരി, ഗോതമ്പ്) എന്നിവ കുറച്ച് പച്ചക്കറികളും പഴങ്ങളുമെല്ലാം കഴിക്കാം. എരിവ്, പുളി, എണ്ണമയം തുടങ്ങിയവ കൂടുതലായി അടങ്ങിയിട്ടുള്ള ഭക്ഷണം പരമാവധി ഒഴിവാക്കാൻ ശ്രദ്ധിക്കുക. ഇത് ആരോഗ്യം ഉണ്ടാകാനും ഒപ്പം ഭക്ഷണം വളരെ പെട്ടെന്ന് ദഹിക്കാനും സഹായിക്കും. ധാരാളം വെള്ളം കുടിക്കുക, കഫീൻ ആൽക്കഹോൾ എന്നിവ പരിമിതപ്പെടുത്തുക, കൊഴുപ്പുള്ള ഭക്ഷണങ്ങൾ പരിമിതപ്പെടുത്തുക, പാലുൽപ്പന്നങ്ങൾ പരിമിതപ്പെടുത്തുക എന്നിവ ശ്രദ്ധിക്കേണ്ടതാണ്. അലസമായ ജീവിതശൈലി ഐബിഎസിന്റെ ആധിക്യം വർധിപ്പിക്കുമെന്നതിനാൽ പതിവായി വ്യായാമം ചെയ്യേണ്ടതും അത്യാവശ്യമാണ്. ദീർഘകാലമായിട്ടുള്ള പ്രശ്നങ്ങൾ ഉണ്ടെങ്കിൽ ചികത്സ നേടേണ്ടത് അത്യാവശ്യമാണ്.

**ഡോ. റിനി യൂജിൻ,**
സെന്റ് സേവ്യർ യൂണിറ്റ്
Mob: 9495739194



## പരിശുദ്ധ കന്യകാമറിയത്തിന്റെ ജനന തിരുനാൾ

**പെരിഞ്ചേരി തിരുഹൃദയ തീർത്ഥാടന കേന്ദ്രത്തിൽ പരിശുദ്ധ കന്യാമറിയത്തിന്റെ ജനന തിരുനാൾ സെപ്റ്റംബർ എട്ടിന് ഞായർ ആഘോഷിക്കുന്നു.**

രാവിലെ 5 30 നും, 10 15 നും, വൈകിട്ട് 6 നും വിശുദ്ധ കുർബാന. രാവിലെ 7 ന് ലദീഞ്ഞ്, ആഘോഷമായ പാട്ടുകുർബാന, സന്ദേശം,നൊവേന, പ്രദക്ഷിണം തുടർന്ന് നേർച്ചപായസ വിതരണം.

(സെപ്റ്റംബർ ഒന്നിന് എട്ടു നോയമ്പ് ആരംഭിക്കുന്നു. തുടർന്ന് ഞായർ, വെള്ളി ഒഴികെ ദിവസങ്ങളിൽ രാവിലെ ആറിനും, വൈകിട്ട് ആറിനും വിശുദ്ധ കുർബാന)

**ഏവർക്കും സ്വാഗതം**

കവിത

# കൃപ നിറഞ്ഞവൾ അമ്മ

സ്വർല്ലോക രാജ്ഞി..... സ്വർഗ്ഗാരോപിതേ...
സ്വർഗ്ഗകവാടം തുറന്നു തരൂ...
പുത്രനാം യേശുവിൻ ചാരെയിരിപ്പാൻ
ദാസരാം ഞങ്ങളെ അനുഗ്രഹിക്കൂ.
ജപമാലയാം ആയുധം കൈയിലേന്തി
'നന്മനിറഞ്ഞവളേ' ചൊല്ലിടുമ്പോൾ
വിശുദ്ധിയിൽ വളരാൻ, കൃപ നിറയാൻ
ഞങ്ങൾക്കു നീ വരമേകൂ
മാതാവിൻ തിരുകാപ്പയ്ക്കുള്ളിൽ
വാരിപ്പുണർന്നെന്നെ സ്നേഹിക്കാൻ
ദുഷ്ടാരൂപിയിൽ നിന്നും വീണ്ടെടുത്ത്
പുതുജീവൻ നൽകി ആശീർവദിക്കൂ
സ്നേഹിതനാം ഈശോതൻ കൂട്ടുകൂടാൻ
സ്നേഹത്തിലൊന്നായി ജീവിച്ചീടാൻ
നിൻ തിരുസ്നേഹത്തിൽ ഒത്തുചേരാൻ
കൃപ നിറഞ്ഞവളേ അനുഗ്രഹിക്കൂ....

**അബിയ റോസ് സി. പി.**
STD IX B
സെന്റ് മദർ തെരേസ യൂണിറ്റ്



**വിശുദ്ധരുടെ വചസ്സുകൾ**

"കുരിശ് എത്ര ഭാരമുള്ളതാണെന്ന് ഗൗരവപൂർവ്വം ധ്യാനിച്ച ഒരാൾക്ക് മാത്രമെ എത്ര ഗൗരവുള്ളതാണ് പാപമെന്ന് മനസ്സിലാകുകയുള്ളൂ."

**കാന്റർബറിയിലെ വി. ആൻസെലം**

ലേഖനം

# ''മാലിന്യസംസ്കരണം മലിനമാക്കരുത്'

ദൈനംദിന ജീവിതത്തിൽ നേരിട്ടു വരുന്ന ഒരു ഭീകരപ്രശ്നമാണ് മാലിന്യം. ജീവിതശൈലികളാണ് മാലിന്യങ്ങളെ തുടർന്നുണ്ടാകുന്ന ഭവിഷത്തുക്കളെ ജനിപ്പിക്കുന്നത്. മാലിന്യനിർമ്മാർജനത്തിലൂടെ മാത്രമേ ശുചിത്വവും ആരോഗ്യമുള്ള തലമുറ എന്ന ലക്ഷ്യം കൈവരിക്കാനാകൂ. വീടുകളിലെയും പരിസരങ്ങളിലെയും മാലിന്യങ്ങൾ സംസ്കരിക്കാൻ കഴിയാതെ വരുമ്പോൾ ഈ മാലിന്യങ്ങൾ അടിഞ്ഞുകൂടി പകർച്ചവ്യാധികൾ തുടങ്ങി മറ്റുരോഗങ്ങളും പകരാൻ ഇടയാകുന്നു. മാലിന്യങ്ങൾ നിർമ്മാർജനം ചെയ്യാൻ തീരുമാനിക്കുമ്പോൾ മാലിന്യനിർമ്മാർജനം നടത്തണമെന്ന് ആഗ്രഹിക്കുന്ന ഒരു ജനതയെകൂടി വാർത്തെടുക്കേണ്ടത് അത്യാന്താപേക്ഷിതമാണ്. അതിനുവേണ്ടിയുള്ള ബോധവൽക്കരണം അനിവാര്യമാണ്.

ബോധവൽക്കരണത്തോടൊപ്പം, മാലിന്യസംസ്കരണത്തിന്റെ ലഘുവായ സാങ്കേതികവിദ്യ ജനങ്ങളെ ബോധ്യപ്പെടുത്തി അതിനുവേണ്ട സാമ്പത്തിക-സാമൂഹിക പ്രോത്സാഹനം നൽകുകയും വേണം. നഴ്സറി തലം മുതൽ ഇത് ആരംഭിക്കണം. സ്വന്തം വാസസ്ഥലവും, ചുറ്റുപാടും വൃത്തിയാക്കി പരിപാലിക്കേണ്ടത് നമുക്കും മറ്റുള്ളവർക്കും പ്രയോജനപ്പെടുന്നതാണെന്ന് ആദ്യം നാം മനസ്സിലാക്കുക. നമ്മുടെ വീട്ടിലെ ചപ്പുചവറുകൾ നമ്മുടെ വീട്ടിൽതന്നെ സംസ്കരിക്കുക. അഥവാ അതിനു സാധിച്ചില്ലെങ്കിൽ റസിഡൻസ് അസോസിയേഷൻ അംഗങ്ങൾ ചേർന്ന് ഓരോ വീട്ടിലും ഓരോ മാലിന്യപ്ലാന്റുകൾ നിർമ്മിക്കണം. എന്നിട്ട് സ്ഥലമില്ലാത്തവർ മാലിന്യങ്ങൾ അതിൽ നിക്ഷേപിക്കുക. മാലിന്യങ്ങളിൽ ഭീകരനായ പ്ലാസ്റ്റിക്കിന്റെ ഉപയോഗം പരമാവധി കുറയ്ക്കണം. പ്ലാസ്റ്റിക്ക് കത്തിക്കുന്നതുമൂലമുണ്ടാകുന്ന കാർബൺഡൈഓക്സൈഡ് ഓസോൺ പാളികളിൽ വിള്ളലുണ്ടാക്കുന്നു. ആ പുകമൂലം വായു മലിനമാകുന്നു. പ്ലാസ്റ്റിക്ക് മണ്ണിൽ അലിഞ്ഞു ചേരുന്നതുമല്ല. എവിടെ കിടന്നാലുമവൻ വില്ലൻതന്നെ. അജൈവമാലിന്യങ്ങളെ പുനരുപയോഗിക്കുകയും പുനഃസമക്രമണത്തിനു നൽകുകയുമാണ് പോംവഴികൾ.

ഓരോ വ്യക്തിയും ഉത്തരവാദിത്വം ഏറ്റെടുത്താൽ മാലിന്യസംസ്കരണം എളുപ്പവും പ്രകൃതി സൗന്ദര്യകരവുമാകും. ആദ്യമായി ജൈവമാലിന്യങ്ങളും അജൈവ മാലിന്യങ്ങളും തരംതിരിക്കാം. ജൈവമാലിന്യങ്ങൾ വീട്ടിൽതന്നെ സംസ്കരിക്കുന്നതാണു ലോകവ്യാപകമായി വികസിത

രാജ്യങ്ങൾ തിരഞ്ഞെടുക്കുന്ന നയം. യൂറോപ്യൻ യൂണിയന്റെ നയരേഖയിലും കേന്ദ്രനഗരവികസനമന്ത്രാലയത്തിന്റെ കരടുനയത്തിലും ഇതാണു നല്ലതെന്ന് അഭിപ്രായപ്പെടുന്നു. ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ സംസ്കരിക്കുന്നതിലൂടെ സംസ്ഥാനം നേരിടുന്ന മാലിന്യപ്രശ്നങ്ങൾ 60 ശതമാനം പരിഹരിക്കാനാകും.

ഗാർഹിക മാലിന്യങ്ങൾ കാർഷികരംഗത്ത് വളരെ പ്രയോജനമുള്ളതാണ്. വളപ്രയോഗത്തിന് ഈ മാലിന്യങ്ങൾ ഉപയോഗിക്കാം. എന്നാൽ മാലിന്യങ്ങൾ സംസ്കരിക്കാതെ വലിച്ചു വാരിയെറിഞ്ഞാലോ, എലിയും കൊതുകും ഈച്ചയും പാറ്റയും പെരുകി ധാരാളം രോഗങ്ങൾ കുന്നുകൂടുകയാണുണ്ടാവുക. അതിനാൽ മാലിന്യസംസ്കരണത്തിന്റെ ആരംഭം അവരവരുടെ വാസസ്ഥലങ്ങളിൽ നിന്നാണെങ്കിൽ ഡെങ്കിപ്പനി, കോളറ, മലേറിയ, മറ്റു പകർച്ചവ്യാധിരോഗങ്ങൾ പടരുന്നതിൽ നിന്ന് ഒരു പരിധി വരെ നമുക്ക് രക്ഷ നേടാം. അതത് ദിവസങ്ങളിലെ മാലിന്യങ്ങൾ മിതമായ ചിലവിൽ ആധുനിക സാങ്കേതികവിദ്യയുപയോഗിച്ച് സംസ്കരിച്ചാൽ അതിൽ നിന്നും ബയോഗ്യാസും പ്രകൃതിദത്തമായ വളവും ഉത്പ്പാദിപ്പിക്കാൻ കഴിയും.

ജനങ്ങളുടെയും സർക്കാരിന്റെയും പൂർണ്ണസഹകരണവും ഒത്തൊരുമയും പങ്കാളിത്തവുമുണ്ടെങ്കിൽ മാത്രമേ ഈ പ്രശ്നത്തിനു ശാശ്വത പരിഹാരം കാണാൻ കഴിയൂ. മാലിന്യ നിർമ്മാർജ്ജനത്തിന് ഒരു പ്രായോഗിക വഴി എത്രയും പെട്ടെന്ന് കണ്ടാൽ മാത്രമേ മാലിന്യങ്ങൾ നശിപ്പിക്കാനും അതുവഴി ഉണ്ടാകുന്ന മാറാരോഗങ്ങളെയും അന്തരീക്ഷ മലിനീകരണത്തെയും തടയാനും കഴിയുകയുള്ളൂ. ജൈവമാലിന്യങ്ങൾ സംസ്കരിക്കുകയും അജൈവമാലിന്യങ്ങൾ ശേഖരിച്ചുവച്ചശേഷം കച്ചവടക്കാർക്കു കൈമാറുകയും ചെയ്യുന്ന ''ഡെയർ ടൂ ചലഞ്ച്'' എന്ന പ്രചാരണത്തിന് സംസ്ഥാനത്തു തുടക്കമിട്ടിട്ടുണ്ട്. എങ്കിലും കഴിഞ്ഞ ഏതാനും ദിവസങ്ങൾക്കു മുമ്പ് തിരുവനന്തപുരത്തു നടന്ന സംഭവം നമുക്കാർക്കും മറക്കാൻ സാധിക്കുകയില്ല. തിരുവനന്തപുരത്ത് ആമയിഴഞ്ചാൽ തോട്ടിൽ 1500/- രൂപയ്ക്കുവേണ്ടി മാലിന്യം നീക്കം ചെയ്യാൻ ഇറങ്ങിയ പാവപ്പെട്ട ശുചീകരണ തൊഴിലാളിയായ എൻ. ജോയിക്ക് നീന്തൽ അറിയാഞ്ഞിട്ടല്ല മരണപ്പെട്ടത്. മറിച്ച് വിവിധ മാലിന്യങ്ങൾക്കിടയിൽപ്പെട്ട് കൈക്കാലുകൾ അനക്കാൻ സാധിക്കാതെയാണ് മരിച്ചത്. ഈയൊരു ദാരുണാന്ത്യമെങ്കിലും ബന്ധപ്പെട്ട അധികാരികളുടെയും പൊതുജനങ്ങളുടെയും കണ്ണുതുറപ്പിക്കാൻ ഇടവരുത്തട്ടെയെന്ന് നമുക്ക് ദൈവത്തോട് പ്രാർത്ഥിക്കാം.

**പ്രിൻസൺ പുത്തിരി**
ദിവ്യഹൃദയം യൂണിറ്റ്

ലേഖനം

# വി. കുരിശിന്റെ പുകഴ്ച

ക്രൂശിതനും കുരിശും ഓരോ ക്രിസ്ത്യാനിയുടെയും ഹൃദയത്തുടിപ്പാണ്.

പരിഹാസത്തിന്റെ അടയാളമായിരുന്ന കുരിശിനെ രക്ഷയുടെ ചിഹ്നമായി ഉയർത്താൻ ക്രിസ്തു നൽകിയത് അവിടുത്തെ ജീവൻ തന്നെ ആയിരുന്നു. തന്റെ തന്നെ കുരിശുമരണത്തെ കുറിച്ച് യേശു പറയുന്നത് യോഹന്നാന്റെ സുവിശേഷം 3:14 ൽ നാം കാണുന്നു. ''മോശ മരുഭൂമിയിൽ വച്ച് സർപ്പത്തെ ഉയർത്തിയതുപോലെ തന്നിൽ വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ടാകേണ്ടതിന് മനുഷ്യപുത്രനും ഉയർത്തപ്പെടേണ്ടിയിരിക്കുന്നു.'' പഴയനിയമത്തിൽ എസക്കിയേൽ പ്രവചനത്തിൽ പറയുന്നു. ''ജറുസലേം പട്ടണത്തിലൂടെ കടന്നുപോകുക. ആ നഗരത്തിൽ നടമാടുന്ന മ്ലേഛതയോർത്ത് കരയുകയും വിലപിക്കുകയും ചെയ്യുന്നവരുടെ നെറ്റിയിൽ അടയാളമിടുക.'' സഭാപിതാവായ വി. ജെറോം ഈ അടയാളത്തെ അവതരിപ്പിക്കുന്നത് നെറ്റിയിൽ ഇടുന്ന കുരിശടയാളം ആയിട്ടാണ്.

എ.ഡി. 326 ൽ കോൺസ്റ്റന്റയിൻ ചക്രവർത്തിയുടെ അമ്മയായ ഹെലേന രാജ്ഞി യേശുവിനെ കുരിശിൽ തറച്ച യഥാർത്ഥ കുരിശ് കണ്ടെത്തിയെന്നാണ് ചരിത്ര സാക്ഷ്യം. യേശുവിനെ കുരിശിൽ തറച്ച കാൽവരിമലയും അവിടുത്തെ സംസ്കരിച്ച കല്ലറയും ഉൾപ്പെടുന്ന പ്രദേശത്ത് എ.ഡി. 135 ൽ ഹദ്രിയൻ ചക്രവർത്തി വീനസ് ദേവിക്കായി ഒരു അമ്പലം നിർമിച്ചിരുന്നു. ആ അമ്പലം തകർത്ത് അവിടെ പരിശോധന നടത്തിയ ഹെലേന രാജ്ഞി യേശുവിനെ തറച്ച കുരിശ് വീണ്ടെടുക്കുവാനായ് അവിടെ കണ്ടെത്തിയ കുരിശുകളിൽ ഒരു മൃതദേഹം കിടത്തി. യേശു മരിച്ച കുരിശിൽ കിടത്തിയപ്പോൾ ആ മൃതശരീരം ജീവനുള്ളതായി മാറിയെന്ന് ജറുസലേമിലെ ആദിമ ക്രൈസ്തവ പാരമ്പര്യം സാക്ഷ്യപ്പെടുത്തുന്നു. എന്നാൽ പേർഷ്യൻ രാജാവായിരുന്ന കൊസ്റോവാസ് ഈ തിരുകുരിശ് കൈയ്യടക്കി. എ.ഡി. 629 ൽ ഹെരാക്ലിലിയസ് ചക്രവർത്തി ഈ വിശുദ്ധവസ്തു വീണ്ടെടുത്ത് ജറുസലേമിൽ കൊണ്ടുവന്ന് കാത്തുസൂക്ഷിച്ചു. ഈ സംഭവത്തിനുശേഷമാണ് കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ സാർവ്വത്രികസഭയിൽ ആഘോഷിച്ചിരുന്നത്.

കുരിശിന്റെയും സഹനത്തിന്റെയും അർത്ഥം മനസ്സിലാക്കാതെ എമ്മാവൂസിലേക്ക് പോയ ശിഷ്യരെ കുറിച്ച് വി. ലൂക്കാ സുവിശേഷകൻ വിവരിക്കുന്നു. രക്ഷാകര രഹസ്യങ്ങളുടെ ദൃക്സാക്ഷികളായിരുന്നെങ്കിലും

അവരുടെ കണ്ണുകൾ മൂടപ്പെട്ടിരുന്നു. അവർ മ്ലാനവദനരായിരുന്നു. മൂടപ്പെട്ട കണ്ണുകൾ തുറന്ന് യഥാർത്ഥ സത്യത്തെ തിരിച്ചറിയാൻ ക്രിസ്തു അവരെ സഹായിക്കുകയാണ്.

ചെറുതും വലുതുമായ സഹനങ്ങളുടെ രൂപത്തിൽ കുരിശ് വഹിക്കാനും കുരിശിൽ തറയ്ക്കപ്പെടുവാനും പലപ്പോഴും നമ്മൾ നിർബന്ധിതരാകാറുണ്ട്. ക്രിസ്തുവിനോട് ചേർന്ന് സഹിക്കുന്ന കുരിശുകൾ ആണ് രക്ഷാകരമായി തീരുന്നത്. ക്രിസ്തീയ വിശ്വാസം പരി. ത്രിത്വത്തേയും കുരിശിനെയും ആധാരമാക്കിയിട്ടുള്ളതാണ്. പിതാവും പുത്രനും പരിശുദ്ധാത്മാവുമാകുന്ന ദൈവത്തിന്റെ സംഗമവേദിയാണ് കുരിശ്. ''എന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നവൻ സ്വയം പരിത്യജിച്ച് തന്റെ കുരിശും വഹിച്ചു കൊണ്ട് എന്റെ പിന്നാലെ വരട്ടെ'' എന്ന് ക്രിസ്തു മൊഴിയുമ്പോൾ ഉത്ഥിതനിലെത്താനുള്ള ഏറ്റവും അടുത്ത മാർഗ്ഗമാണ് കുരിശിന്റെ പാത എന്ന് നാം തിരിച്ചറിയേണ്ടതുണ്ട്. സമർപ്പിത ജീവിതത്തെയും ക്രിസ്തീയ ജീവിതത്തെയും രൂപാന്തരീകരിക്കുന്ന വി. കുരിശ് നമ്മുടെ ജീവിതത്തിന്റെ ശക്തികേന്ദ്രവും ഊർജ്ജസ്രോതസ്സും ആയിത്തീരട്ടെ. കുരിശിന്റെ വിജയം ക്രൂശിതന്റെ വിജയമാണ്. വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ മംഗളങ്ങൾ.

**ക്രൈസ്റ്റ് കിങ്ങ് കോൺവെന്റ്**
പെരിഞ്ചേരി

## തിരുനാൾ പ്രസുദേന്തിമാർ



<u>**ജൂലായ്**</u>

**തേക്കാനത്ത്**
**കാറളംക്കാരൻ**
**അന്തോണി ജോർജ്ജ്,**
മരത്താക്കര



<u>**ആഗസ്റ്റ്**</u>

**പിടിയത്ത്**
**ജോഷി പി. ആർ.,**
നെന്മണിക്കര

തിരുനാളാശംസകൾ

**നിർമ്മലമാതാ യൂണിറ്റ്**



# തിരുനാളാശംസകൾ



മേരിമാതാ യൂണിറ്റ്



# തിരുനാളാശംസകൾ

**സെന്റ് മിഖായേൽ യൂണിറ്റ്**

# തിരുനാളാശംസകൾ



വിശുദ്ധ വിൻസന്റ്
ഡി പോളിന്റെ
തിരുനാൾ
സെപ്റ്റംബർ 28ന്
ആഘോഷിക്കുന്നു

സെന്റ് വിൻസന്റ്
ഡി പോൾ യൂണിറ്റ്



തിരുനാൾ
ആശംസകൾ

**മദർ തെരേസ യൂണിറ്റ്**



**തിരുഹൃദയ ദർശനസഭ അംഗങ്ങൾ**
**അതിരൂപതാ ഭാരവാഹികളോടും വികാരിയച്ചനോടും കൂടെ**

## വിശ്വാസപരിശീലന ദിനാചരണം 2024

















# Wedding

18th August 2024

**EDWIN WINSON**

S/o Mr. Winson C.A. &
Mrs.Jincy Winson,
Chirayath Manjiyil House,
Avinissery P.O, Perinchery

St. Mary's Unit

**SNEHA GEORGE**

D/o Mr. George M.T. &
Mrs. Sheena George
Mallakkal House,
Kurumassery P.O., Ernakulam



## സ്വർഗ്ഗത്തിൽ പത്താം ചരമവാർഷികം

19.08.2024





### തേയ്ക്കാനത്ത് ചാക്കോള പീറ്റർ

# ഭാര്യ മേഴ്സി

ജനനം: 24.06.1967  മരണം: 19.08.2014

ഞാൻ നിങ്ങളിൽ നിന്ന് അകന്നു പോയെങ്കിലും
എന്റെ സ്നേഹം എന്നും നിങ്ങളോടുകൂടി ഉണ്ടായിരിക്കും.
ദൈവരാജ്യത്തിൽ നാം ഒരുമിക്കുന്നതുവരെ
നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെയും ഓർക്കണമേ.

സ്നേഹപൂർവ്വം: ഡെൽവിൻ, ക്രിസ്റ്റീന

സെന്റ് ജോർജ്ജ് യൂണിറ്റ്

41

41-ാം ചരമദിനം
06.09.2024



കുരുതുകുളങ്ങര അക്കര ജോസ്

മകൻ **ഫെസ്റ്റിൻ**

ജനനം : 13.10.1988 | മരണം: 28.07.2024

"നിത്യതയുടെ വിശുദ്ധ കൂടാരത്തിലേക്ക് ഒരു പിടി ഓർമ്മകൾ
ബാക്കിവെച്ച് ഞാൻ കടന്നു പോകുന്നു...
നിങ്ങളുടെ പ്രാർത്ഥനാ നിമിഷങ്ങളിൽ എന്നെയും ഓർക്കണമേ....."

മദർ തെരേസ യൂണിറ്റ്

## 1–ാം ചരമവാർഷികം

06.09.2024



സ്രാമ്പിക്കൽ ഔസേപ്പ് മകൻ

# വർഗ്ഗീസ് (ബാബു)

ജനനം : 10.09.1963    മരണം: 06.09.2023

പിതാവിന്റെ അനുഗ്രഹം മക്കളുടെ
ഭവനങ്ങളെ ബലവത്താക്കും.
(പ്രഭാ. 3:9)

പ്രാർത്ഥനാപൂർവ്വം കുടുംബാംഗങ്ങൾ

സെന്റ് റാഫേൽ യൂണിറ്റ്



4 -ാം
ചരമവാർഷികം
03.09.2024

പൊറുത്തൂര് കൂനംപിലാവ്
അന്തോണി മകൻ **പൈലി**

ജനനം : 14.10.1943    മരണം : 03.09.2020

**സെന്റ് തോമസ് യൂണിറ്റ്**

# സ്നേഹസ്മരണയ്ക്ക്

**6-ാം ചരമവാർഷികം**
11.03.2024

**21-ാം ചരമവാർഷികം**
19.09.2024



തെക്കിനിയത്ത് പൊറിഞ്ചു
മകൻ **ഔസേപ്പ്**

ജനനം : 10.06.1947
മരണം : 11.03.2018

തെക്കിനിയത്ത് ഔസേപ്പ്
ഭാര്യ **ആനി**

ജനനം : 16.06.1950
മരണം : 19.09.2003

പിതാവിന്റെ അനുഗ്രഹം മക്കളുടെ
ഭവനങ്ങളെ ബലവത്താക്കും (പ്രഭാ-3:9)



**40-ാം ചരമദിനം**

14.09.2024



## തെക്കിനിയത്ത് ഔസേപ്പ് മകൻ

# ഷാജു

ജനനം : 01.06.1971 മരണം : 06.08.2024

*സെന്റ് ജോസഫ് യൂണിറ്റ്*



# പരിശുദ്ധ വേളാങ്കണ്ണി മാതാവിനോടുള്ള നവനാൾ ജപം

എറ്റവും പരിശുദ്ധവും നിർമ്മലവുമായ ദിവ്യ കന്യകെ! ഈശോയുടെ പരിശുദ്ധ മാതാവാകുവാൻ അനാദികാലം മുതൽക്കെ, പരിശുദ്ധ ത്രിത്വത്താൽ തിരഞ്ഞെടുക്കപ്പെട്ടവളെ, നമ്മുടെ ദിവ്യനാഥന്റെ മനുഷ്യാവതാരവേളയിൽ, അങ്ങ് അനുഭവിച്ച പരമാനന്ദത്തെ, ഭക്ത്യാ സ്മരിക്കുന്നവർക്ക്, അങ്ങ് പറഞ്ഞൊത്തിട്ടുള്ള പ്രത്യേക സംരക്ഷണം നൽകി പാപിയായ എന്നെ അനുഗ്രഹിക്കേണമെ.

അങ്ങ് തിരുക്കുമാരന്റെ കാരുണ്യത്താൽ ആശ്രയിച്ച് "ചോദിപ്പിൻ നിങ്ങൾക്ക് നൽകപ്പെടും." എന്ന വാഗ്ദാനത്തിൽ ശരണപ്പെട്ട്, അങ്ങയുടെ വല്ലഭയായ മാദ്ധ്യസ്ഥ

ത്തിലുള്ള വിശ്വാസത്താൽ നിറഞ്ഞ് അങ്ങയോട് ഞാൻ പ്രാർത്ഥിക്കുന്നു. ദുഃഖിതരിൽ അലിവേറും നാഥേ! ദൈവ തിരുസന്നിധിയിൽ, എനിക്കുവേണ്ടി അങ്ങ് മാദ്ധ്യസ്ഥം വഹിക്കേണമെ. ഈ നവനാൾ പ്രാർത്ഥന വഴി, ഞാൻ യാചിക്കുന്ന അനുഗ്രഹങ്ങൾ - അവ ദൈവഹിതത്തിനനുയോജ്യമാണെങ്കിൽ - എനിക്ക് അങ്ങ് ലഭിച്ചു തരേണമെ. ദൈവഹിതം മറിച്ചാണെങ്കിൽ, എനിക്കേറ്റവും ആവശ്യമായ നന്മകൾ നൽകി എന്നെ അനുഗ്രഹിച്ചാലും. (ഇവിടെ ലഭിക്കുവാനാഗ്രഹിക്കുന്ന പ്രത്യേകാവശ്യങ്ങൾ അപേക്ഷിക്കുക.)

ഓ ദൈവമാതാവേ! ഗബ്രിയേൽ ദൈവദൂതൻ, ആദ്യമായി "നന്മ നിറഞ്ഞവളേ" എന്ന്, അങ്ങയെ അഭിവാദനം ചെയ്ത, ആ മഹിമ നിറഞ്ഞ, ആദരവണക്കങ്ങളോടൊന്നു ചേർത്ത്, പാപിയായ എന്റെ വിനീതമായ അഭിവന്ദനങ്ങളേയും അങ്ങ് സ്വീകരിക്കേണമെ.

**നന്മ നിറഞ്ഞ മറിയമേ സ്വസ്തി. കർത്താവ് അങ്ങയോടു കൂടെ. സ്ത്രീകളിൽ അങ്ങ് അനുഗ്രഹിക്കപ്പെട്ടവളാകുന്നു. അങ്ങയുടെ ഉദരത്തിൻ ഫലമായ ഈശോ അനുഗ്രഹിക്കപ്പെട്ടവനാകുന്നു.**

**പരിശുദ്ധ മറിയമേ, തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾക്കുവേണ്ടി, ഇപ്പോഴും ഞങ്ങളുടെ മരണസമയത്തും, തമ്പുരാനോട് അപേക്ഷിക്കേണമെ. ആമേൻ.**

(9 പ്രാവശ്യം ചൊല്ലുക.)

അങ്ങേ വല്ലഭയായ മാദ്ധ്യസ്ഥം വഴി, ഞാനിപ്പോൾ യാചിച്ച വരങ്ങളും അനുഗ്രഹങ്ങളും, എനിക്ക് ലഭിച്ചു തരണമെന്ന്, വ്യാകുലരുടെ ആശ്വാസമായ മാതാവേ, അങ്ങയോടു ഞാൻ പ്രാർത്ഥിക്കുന്നു. അങ്ങേ മഹത്വത്തിനായി, ഞാൻ ചെയ്യുന്ന എല്ലാ നന്മ പ്രവർത്തികളും, സഹിക്കുന്ന എല്ലാ കഷ്ടപ്പാടുകളും ഈ അനുഗ്ര ഹ ലബ്ധിക്കായി, അങ്ങേക്ക് ഞാൻ കാഴ്ച സമർപ്പിക്കുന്നു. അങ്ങേ ഹൃദയത്തെ, ദിവ്യസ്നേഹത്താൽ എന്നെന്നും എരിയിച്ച, സ്നേഹാർദ്രമായ ഈശോയുടെ തിരു ഹൃദയസ്നേഹത്തെ പ്രതി എന്റെ ഈ എളിയ യാചനകൾ കേൾക്കണമെന്നും. എന്റെ അപേക്ഷകൾ സാധിച്ചു തരേണമെന്നും, അങ്ങയോടു ഞാൻ ഏറ്റം വിനീതമായി പ്രാർത്ഥിക്കുന്നു. ആമേൻ.

**എത്രയും ദയയുള്ള മാതാവേ, അങ്ങേ സങ്കേതത്തിൽ ഓടിവന്ന്, അങ്ങേ സഹായം തേടി, അങ്ങേ മാദ്ധ്യസ്ഥം അപേക്ഷിച്ചവരിൽ ഒരുവനെയെങ്കിലും അങ്ങ് ഉപേക്ഷിച്ചതായി ലോകത്തിൽ കേട്ടിട്ടില്ല എന്ന് ഓർക്കണമെ. കന്യാവ്രതക്കാരുടെ രാജ്ഞി, ദയയുള്ള മാതാവേ, ഈ വിശ്വാസത്തിൽ ശരണപ്പെട്ട് അങ്ങേ തൃപ്പാദത്തിങ്കൽ ഞാൻ അണയുന്നു. നെടുവീർപ്പോടും കണ്ണുനീരോടുംകൂടെ പാപിയായ ഞാൻ അങ്ങേ ദയാധിക്യത്തെ പ്രതീക്ഷിച്ചുകൊണ്ട് അങ്ങേ സന്നിധിയിൽ നിൽക്കുന്നു. അവതരിച്ച വചനത്തിൻ മാതാവേ, എന്റെ അപേക്ഷ ഉപേക്ഷിക്കാതെ ദയാപൂർവ്വം കേട്ടരുളേണമെ. ആമേൻ.**

Rector, Our Lady of Good Health Velankanni Church - Shrine Basilica
Vailankanni - 611 111. Nagapattinam District, Tamilnadu, India
+91 - 4365 263 423, 4365 263 584, 4365 264 890

തെക്കിനിയത്ത് ജെറോം ജെറിൻ, ജെസ്സാ ജെറിൻ

## 12-ാം ചരമവാർഷികം
25.09.2024



മേലേടത്ത് (മങ്കുഴി)
അന്തോണി മകൻ

# ഫ്രാൻസിസ്

ജനനം : 04.02.1940
മരണം: 25.09.2012

പിതാവിന്റെ അനുഗ്രഹം മക്കളുടെ
ഭവനങ്ങളെ ബലവത്താക്കും.
(പ്രഭാ. 3:9)

സെന്റ് പോൾ യൂണിറ്റ്

## 4-ാം ചരമവാർഷികം

**11.09.2024**



തേറാട്ടിൽ കല്ലൂക്കാരൻ

പൊറിഞ്ചു **ദേവസി**

ജനനം: 11.05.1937 മരണം: 11.09.2020

*ഡോൺ ബോസ്കോ യൂണിറ്റ്*

## 4–ാം ചരമവാർഷികം
08.09.2024



തേറാട്ടിൽ കല്ലൂക്കാരൻ വാറു

# ഡേവിഡ് (ദേവസ്സി)

**ജനനം:** 14.06.1956 **മരണം:** 08.09.2020

മക്കൾ, മരുമക്കൾ പേരകുട്ടികൾ

മദർ തെരേസ യൂണിറ്റ്

# 4-ാം ചരമവാർഷികം

30.09.2024



അരിമ്പൂര് മുത്തിപ്പീടിക

## ലോനപ്പൻ ദേവസ്സി

ജനനം : 09.07.1937 മരണം : 30.09.2020

പിതാവിന്റെ അനുഗ്രഹം മക്കളുടെ ഭവനങ്ങളെ ബലവത്താക്കും.
(പ്രഭാ. 3:9)

തിരുകുടുംബം യൂണിറ്റ്
ചെറുശ്ശേരി

## 8 – ാം ചരമവാർഷികം

20.09.2024



തെക്കിനിയത്ത്

പൊറിഞ്ചു മകൻ

## കുഞ്ഞിപ്പാവു

ജനനം 10.07.1935

മരണം 20.09.2016

സെന്റ് തോമസ് യൂണിറ്റ്





# ഒന്നാം ചരമവാർഷികം

21.08.2024

പൊറത്തൂര് കൂനംപിലാവ്
ലാസർ ഭാര്യ **മോളി**

ജനനം : 17.08.1964 മരണം : 21.08.2023

ഞാൻ നിങ്ങളിൽ നിന്ന് അകന്നുപോയെങ്കിലും എന്റെ സ്നേഹം എന്നും നിങ്ങളോടുകൂടി ഉണ്ടായിരിക്കും. ദൈവരാജ്യത്തിൽ നാം ഒരുമിക്കുന്നതുവരെ നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെയും ഓർക്കണമേ.

സെന്റ് റാഫേൽ യൂണിറ്റ്

# 9-ാം ചരമവാർഷികം

20.09.2024





അരിമ്പൂർ മുത്തിപ്പീടിക

ഫ്രാൻസീസ് **പീറ്റർ**

ജനനം: 15.02.1965 മരണം: 20.09.2015

*സെന്റ് അൽഫോൻസ യൂണിറ്റ്*

## 25–ാം ചരമവാർഷികം

19.09.2024



അരിമ്പൂർ മുത്തിപീടിക ലോനപ്പൻ

# ജോണി

ജനനം : 05.12.1940 മരണം: 19.09.1999

സെന്റ് ആന്റണീസ് യൂണിറ്റ്



മരിച്ചാലും
മറക്കില്ലാട്ടോ....

66-ാം ചരമവാർഷികം
കണ്ണാമ്പുഴ വള്ളൂപ്പാറ
**തോമ**
മരണം: 14.04.1958

7-ാം ചരമവാർഷികം
കണ്ണാമ്പുഴ വള്ളൂപ്പാറ
തോമ ഭാര്യ **താണ്ടു**
ജനനം: 20.01.1918
മരണം: 29.09.2017

പ്രാർത്ഥനാപൂർവ്വം
**മക്കൾ, മരുമക്കൾ,**
**73 പേരക്കുട്ടികൾ**

സെന്റ് വിൻസെന്റ് ഡി പോൾ യൂണിറ്റ്



## സ്നേഹസ്മരണയ്ക്ക്

**17-ാം ചരമവാർഷികം**

10.10.2024

മുത്തിപീടിക പൊറിഞ്ചു

മകൻ **ഔസേപ്പ്**

മരണം : 10.10.2007

**41-ാം ചരമദിനം**

07.09.2024

മുത്തിപീടിക ഔസേപ്പ്

ഭാര്യ **മേരി**

മരണം : 29.07.2024

തിരുകുടുംബം യൂണിറ്റ്

നിങ്ങളുടെ പ്രാർത്ഥനയിൽ ഞങ്ങളെയും ഓർക്കണമേ



സ്നേഹസ്മരണയ്ക്ക്

**4-ാം ചരമവാർഷികം**

22.09.2024

വാഴപ്പിള്ളി പത്രോസ്
മകൻ **പൗലോസ്**

**1-ാം ചരമവാർഷികം**


29.08.2024

വാഴപ്പിള്ളി പത്രോസ്
ഭാര്യ **മറിയം**

"എനിക്ക് ജീവിതം ക്രിസ്തുവും
മരണം നേട്ടവുമാണ്."
(ഫിലിപ്പി 1:21)

സെന്റ് റാഫേൽ യൂണിറ്റ്

38 – ാം ചരമവാർഷികം
25.11.2024



കുണ്ടുകുളം അന്തോണി
മകൻ റപ്പായി

മരണം: 25.11.1986

മരണം വരെ
വിശ്വസ്തനായിരിക്കുക;
ജീവന്റെ കിരീടം
നിനക്കു
ഞാൻ നൽകും.
(വെളിപാട് 2:10)

തിരുഹൃദയം തുണിയ്



3 – ാം ചരമവാർഷികം
21.09.2024



കുണ്ടുകുളം റപ്പായി
മകൻ റപ്പായി

ജനനം: 03.09.1951 മരണം: 21.09.2021

"കുടുംബത്തോടൊപ്പം" 2024

# കണ്ണംമ്പുഴ വള്ളൂപ്പാറ കുടുംബസംഗമം

ഒക്ടോബർ 2–ാം തിയ്യതി ബുധൻ വൈകിട്ട് 5.30 ന്

പ്രിയ കുടുംബാംഗങ്ങളെ,

കണ്ണംമ്പുഴ വള്ളൂപ്പാറ കുടുംബസംഗമത്തിന്റെ 12-ാം വാർഷിക ആഘോഷം (കുടുംബത്തോടൊപ്പം 2024) ഒക്ടോബർ രണ്ടാം തിയ്യതി ബുധൻ വൈകിട്ട് 5.30ന് പെരിഞ്ചേരി തിരുഹൃദയ തീർത്ഥാടന കേന്ദ്രത്തിൽ വെച്ച്നടത്തുന്ന വിവരം അറിഞ്ഞിരിക്കുമല്ലോ. ഈ ആഘോഷ പരിപാടിയിലേക്ക് താങ്കളേയും കുടുംബത്തേയും സ്നേഹപൂർവ്വം ക്ഷണിച്ചു കൊള്ളുന്നു.

എന്ന്
കൺവീനർ
ഷാജു വി.പി.
9249228021

- വി. കുർബ്ബാന & ഒപ്പീസ്
- പൊതുയോഗം
- വിശിഷ്ട വ്യക്തികളുടെ സാന്നിദ്ധ്യം
- കലാപരിപാടികൾ
- ആദരണീയം
- സ്നേഹവിരുന്ന്

| പ്രസിഡന്റ് | സെക്രട്ടറി | ട്രഷറർ |
|---|---|---|
| ജോൺസൺ വി.കെ. | റിക്സൺ ഈനാശു | ബാബു ജോൺ വി.എൽ. |
| 9447157118 | 8123375166 | 9447530962 |

ലേഖനം

# സ്വന്തം കുരിശ്

ജീവിതത്തിൽ നേരിടേണ്ടി വരുന്ന പ്രതിസന്ധികളെ കുരിശായി ഉപമിക്കുന്നത് സാധാരണമായി ക്രൈസ്തവർ ചെയ്യുന്ന അഭിപ്രായ പ്രകടനമാണ്. യേശുവിന്റെ പരസ്യജീവിതകാലത്ത് ഏറ്റവും നിന്ദ്യമായ ശിക്ഷാവിധിയായി കുരിശുമരണത്തെ കണക്കാക്കിയിരുന്നു. മറ്റൊരർത്ഥത്തിൽ ഭുജിക്കരുതെന്ന് ദൈവം കല്പിച്ച മരത്തിന്റെ പഴം ഭുജിക്കുക വഴി മനുഷ്യമക്കളിലേക്ക് ഹവ്വായും ആദവും വഴി ലഭിച്ച പാപത്തിന്റെ പാരമ്പര്യാവകാശ മ്ലേച്ഛത യേശുവിന്റെ മരക്കുരിശിലെ ബലിയാലെ മോചിപ്പിക്കപ്പെട്ടു എന്ന് ഉദ്ഘോഷിക്കപ്പെടുന്നു.

യേശു സ്വന്തമായി കുരിശ് നിർമ്മിച്ചില്ല. നിർമ്മലനായ യേശുവിന് നിന്ദ്യമായ കുരിശ് മരണം ചാർത്തിയത് യഹൂദരുടെ പാപകരമായ വൈകല്യങ്ങളുടെ ഫലമായിരുന്നു. അങ്ങനെ സംഭവിക്കുമെന്ന് ദൈവം മുൻകൂട്ടി പുത്രനെ അറിയിച്ചിരുന്നു. ദൈവിക നിയമങ്ങളെന്ന പേരിൽ മാനുഷിക നിയമങ്ങൾക്ക് അവർ പ്രാബല്യം നൽകി. അതുകൊണ്ട് പാപം ചെയ്യാത്ത യേശു മുഴുവൻ ജനങ്ങളുടെയും പാപം ഏറ്റെടുത്തുകൊണ്ട് പാപവിമോചകനായി സ്വയം ബലി ഏറ്റെടുത്തു. കുരിശിൽ തറച്ച വേദനകൊണ്ടോ, പീഡനങ്ങളുടെ ആധിക്യത്താലോ അല്ല യേശു മരിക്കുന്നത്. കുരിശിൽ കിടന്ന് ശ്വാസമെടുക്കാൻ കഴിയാതെയുള്ള ഭീകരമരണമായിരുന്നു. യേശു മരിച്ചു കഴിഞ്ഞോ എന്നുള്ള സംശയനിവാരണത്തിനായി കുരിശിൻ ചുവടെ നിന്നിരുന്ന ലുംഗിനോസ് എന്ന ഒറ്റക്കണ്ണുള്ള പട്ടാളക്കാരൻ യേശുവിന്റെ ഹൃദയത്തിലേക്ക് കുന്തംകൊണ്ട് കുത്തിയപ്പോൾ ആ ഹൃദയത്തിൽനിന്നും ഒലിച്ചിറങ്ങിയ രക്തവും ജലവും പട്ടാളക്കാരന്റെ അന്ധമായ കണ്ണിൽ ഇറ്റുവീണപ്പോൾ കണ്ണ് കാഴ്ചയുള്ളതായി തീർന്നു. യേശുവിന്റെ ക്ഷമയുടെയും സ്നേഹത്തിന്റെയും അതിനിർവ്വചനീയമായ ആഴം വിവരിക്കാൻ ഇതുവരെ ആർക്കും കഴിഞ്ഞിട്ടില്ല. ഇനി കഴിയുകയുമില്ല. ആ ക്ഷമാസാഗരം അത്രയും അനന്തമാണ്.

യേശുവിന്റെ അനന്തമായ ക്ഷമയേയും സ്നേഹത്തേയും വിവരിച്ചത് നമ്മുടെ ജീവിതത്തിലെ കുരിശുകളെ എങ്ങനെ നാം നേരിടുന്നു എന്നുള്ള

ചിന്തയെ ഉദ്ദീപിപ്പിക്കാനാണ്. ചെറിയൊരു സഹനം നേരിടുമ്പോഴേക്കും വികാരത്തിനടിമകളായി പലരും പ്രവർത്തിക്കുന്നു. ആരെയെങ്കിലും കുറ്റം ചാരി സ്വയം നീതീകരിക്കുന്നു. തിരുവചനം പറയുന്നത് ''സ്വന്തം കുരിശെടുത്ത് എന്നെ അനുഗമിക്കാത്തവൻ എനിക്ക് യോഗ്യനല്ല'' (മത്താ.10-38). യേശുവിന്റെ സഹനങ്ങളെക്കുറിച്ച് ധ്യാനിച്ചുകൊണ്ട് നമ്മുടെ ചെറുതും വലുതുമായ സഹനങ്ങളെ സന്തോഷത്തോടെ സ്വീകരിച്ചുകൊണ്ട് മറ്റാരേയും കുറ്റപ്പെടുത്താതെ തനിക്ക് ദൈവം നൽകുന്ന ശിക്ഷണമാണെന്ന മനോഭാവത്തോടെ സ്വീകരിച്ചുകൊണ്ട് സഹനങ്ങളെ ലാഭകരമായ അവസ്ഥകളാക്കി മാറ്റാൻ കഴിയുന്നവർ യേശുവിന്റെ പ്രിയപ്പെട്ടവരായി തീരുന്നു.

എത്ര പറഞ്ഞാലും വിവരിച്ചാലും ഇക്കാര്യങ്ങളെ ഉൾക്കൊള്ളാൻ ഏറെപേർക്കും പ്രയാസമാണ്. പരിശുദ്ധാത്മാവിന്റെ അഭിഷേകം - ശക്തി - ചൈതന്യം ഉള്ളവർ സന്തോഷത്തോടെ സഹനങ്ങൾ സ്വീകരിക്കും. വിശുദ്ധ കൊച്ചുത്രേസ്യായും മറ്റനേകം വിശുദ്ധാത്മാക്കളും അവർക്കുണ്ടായ കുരിശുകളാകുന്ന സഹനങ്ങൾ സന്തോഷത്തോടെ സ്വീകരിച്ചതിന്റെ സാക്ഷ്യങ്ങൾ നമുക്ക് മുന്നിൽ ഉണ്ട്. ഇന്നത്തെ തിരക്കേറിയ യുഗത്തിൽ അതൊക്കെ ശ്രദ്ധിക്കാനുള്ള ക്ഷമയും സമയവും ഇല്ലാത്തവർ ജീവിതത്തെ ചരടറ്റ പട്ടംപോലെ തകർച്ചയിലേക്കും നിരാശയിലേക്കും തള്ളിക്കളയുന്നത് നാം കാണുന്നു.

മുപ്പത് വെള്ളിനാണയങ്ങൾക്കുവേണ്ടി യേശുവിനെ ഒറ്റിക്കൊടുത്ത യൂദാസ് ചെന്നുപ്പെട്ടത് കെട്ടി ഞാഴ്ന്നുള്ള സ്വന്തം ആത്മഹത്യയിലേക്കാണ്. ലോകത്തിന്റെ സുഖങ്ങൾ അന്വേഷിച്ച് ദൈവത്തെ മറന്ന് ജീവിക്കുന്നവർക്ക് വന്നു ചേരാനുള്ളതും സർവനാശമാണ്. ആത്മാവിന് വിനാശകരമായ ജീവിതം ചിലർ നയിക്കുന്നത് കാണുമ്പോൾ നാം പറയുമായിരിക്കും. അയാൾക്ക് യാതൊരു തകർച്ചയുമില്ല. കൂടുതൽ നേട്ടങ്ങളാണ് കാണുന്നത്. എന്നാൽ നാം മനസ്സിലാക്കണം, ദൈവത്തിന്റെ അനന്തമായ ക്ഷമ മൂലം അവരുടെ ജീവിതം നീട്ടപ്പെടുന്നത് മാനസാന്തരപ്പെട്ട് ജീവിതം ധന്യമാക്കുന്നതിന് വേണ്ടിയാണ്. ഏറെ സഹിച്ചതിനുശേഷം ധൂർത്ത പുത്രന് അനുതാപമുണ്ടായി. എന്നിട്ട് രക്ഷയിലേക്ക് പ്രവേശിച്ചു.

നമ്മുടെ കുരിശുകൾ നമ്മുടെ സ്വന്തം സൃഷ്ടിയാണ്. അത് മനസ്സിലാക്കാനുള്ള ആത്മീയ ഇച്ഛാശക്തി ഇല്ലാത്തവർ ഭ്രാന്തൻ ആശയങ്ങൾ എന്ന് പറഞ്ഞ് തള്ളിക്കളഞ്ഞേക്കാം. സുഖലോലുപതയും, ജീവിതവ്യഗ്രതകളും മദ്യപാനവും അസൂയയും നമ്മുടെ മനസ്സുകളെ അന്ധമാക്കുമ്പോൾ നന്മയുടെ വശത്തെക്കുറിച്ച് ചിന്തിക്കാൻ നമുക്കാവില്ല. ലോകത്തിന്റേതായ സുഖഭോഗങ്ങളിൽ നമ്മുടെ ആന്തരികനേത്രങ്ങൾക്ക് തിമിരം ബാധിച്ചിരിക്കയാണ്. കുരിശുകളെ പുഷ്പങ്ങളായി സ്വീകരിച്ചവരാണ് വിശുദ്ധാ

ത്മാക്കളായത്. സ്വാർത്ഥതയല്ല, ദൈവത്തിന്റെ ഹിതമാണ് അവർ നിറവേറ്റിയത്. യേശുവിന്റെ സഹനങ്ങളോട് ചേർത്ത് തങ്ങളുടെ സഹനങ്ങളും സന്തോഷത്തോടെ സ്വീകരിച്ച് വിജയാശ്രീലാളിതരായി.

ജീവിതഭാരങ്ങളും കുരിശുകളും കർത്താവിന് സമർപ്പിക്കുക. ''അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരും എന്റെ അടുക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം'' (മത്താ. 11:28-29). എത്ര ആശ്വാസദായകമായ വാക്യം. കുരിശുകളെ സന്തോഷത്തോടെ സ്വീകരിച്ചു കഴിഞ്ഞാൽ പിന്നെ ഉത്ഥാനം. യേശു തന്റെ ജീവിതത്തിലൂടെ നമുക്ക് കാണിച്ചു തന്നിട്ടുള്ളത് അതാണ്. കുരിശുകളെ മോദമോടെ സ്വീകരിച്ചാൽ നമ്മളിലും അവിടുന്ന് അത് പ്രാവർത്തികമാക്കും.

**ഫ്രാൻസീസ് മുത്തിപീടിക,**
സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ്

***



# തിരുഹൃദയ അനുഗ്രഹ വെള്ളി ആചരണം

**(മാസാദ്യവെള്ളി ഒഴികെയുള്ള വെള്ളിയാഴ്ചകളിൽ)**

5.45 am, 7.15 am, 6.00 pm ലദീഞ്ഞ്, പാട്ടുകുർബാന, തിരുഹൃദയ നൊവേന.

10.00 am ലദീഞ്ഞ്, പാട്ടുകുർബാന, തിരുഹൃദയ സന്ദേശം, ആരാധന, പ്രത്യേക പ്രാർത്ഥനാ ശുശ്രൂഷകൾ, തിരുഹൃദയ നൊവേന, ദിവ്യകാരുണ്യ പ്രദക്ഷിണം, ദിവ്യകാരുണ്യ ആശീർവ്വാദം, തുടർന്ന് നേർച്ചക്കഞ്ഞി വിതരണം.

**തിരുഹൃദയ ഭക്തിയിൽ വളരാം, തിരുഹൃദയ ഭക്തിപ്രചരിപ്പിക്കാം.**

"ധാർമികതയുടെ പടച്ചട്ട ധരിച്ചിരിക്കുന്ന
ഒരു രാജ്യസ്നേഹി തിന്മയുടെ
വൻസൈന്യത്തേക്കാൾ ശക്തനാണ്"
**വില്യം ബ്രയാൻ**

## കിഡ്സ് കോർണർ



''തന്നെ സ്നേഹിക്കുന്നവരെ കർത്താവ് കടാക്ഷിക്കുന്നു. അവിടുന്ന് ശക്തമായ സംരക്ഷണവും ഉറപ്പുള്ള താങ്ങും ചുടുകാറ്റിൽ അഭയകേന്ദ്രവും പൊരിവെയിലിൽ തണലും ഇടറാതിരിക്കാൻ സംരക്ഷണവും വീഴാതിരിക്കാൻ ഉറപ്പുമാണ്'' (പ്രഭാ. 34:19).

ഒരു ജയിൽപുള്ളിയെ സന്ദർശിക്കാനെത്തിയതായിരുന്നു ഫാ. ജോൺ. ജയിലിനുള്ളിലേക്ക് കടക്കുവാനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കുന്ന കൗണ്ടറിനരികെ ഒത്തിരിയേറെപ്പേർ ക്യൂ നിൽക്കുന്നുണ്ടായിരുന്നു. ഫാ. ജോണും അവരുടെ ഗണത്തിൽ കൂടി. നിമിഷങ്ങൾക്കകം കറുത്തവംശജയായ ഒരു സ്ത്രീ അദ്ദേഹത്തിന്റെ ശ്രദ്ധ ആകർഷിച്ചു. എല്ലാവരോടും വളരെ താല്പര്യപൂർവ്വവും സ്നേഹപൂർവ്വവുമായിരുന്നു അവളുടെ പെരുമാറ്റം. എല്ലാവരുടെയും ഹൃദയം കവരുന്ന പെരുമാറ്റത്തിനുടമയായ അവൾ ഫാ. ജോണിനോടും സ്നേഹപൂർവ്വം സംസാരിച്ചു.

പ്രായം ചെന്ന ആ സ്ത്രീയുടെ പെരുമാറ്റശൈലി കണ്ട ഫാ. ജോൺ ആ സ്ത്രീയോടു പറഞ്ഞു: ''ഒരു കാര്യം നിങ്ങളോടു പറയാതിരിക്കാൻ എനിക്കാകില്ല. ഞാൻ പ്രസംഗിക്കുന്ന കാര്യം നിങ്ങൾ പ്രാവർത്തികമാക്കുന്നു. നിങ്ങൾ എല്ലാവരോടും എപ്പോഴും എന്തു താൽപര്യപൂർവ്വമാണ് പെരുമാറുന്നത്. അതുവഴി നിങ്ങൾക്ക് ധാരാളം സന്തോഷം ലഭിക്കുന്നുണ്ട് അല്ലേ? ഫാ. ജോണിന്റെ വാക്കുകൾക്ക് ഒരു ചെറുപുഞ്ചിരിയോടെ നന്ദി പറഞ്ഞശേഷം അവൾ തുടർന്നു. ''എന്റെ ലോകത്തിൽ അപരിചിതർ ഇല്ല, സഹോദരീ സഹോദരന്മാർ മാത്രം. അവരിൽ ചിലരെ ഞാൻ കണ്ടിട്ടില്ലെന്നു മാത്രം'' ഇതു ഞാൻ പൂർണമായി വിശ്വസിക്കുന്നു എന്നവർ കൂട്ടിച്ചേർത്തു.

നാമെല്ലാവരും ദൈവത്തിന്റെ മക്കളാണെന്നും അക്കാരണത്താൽ നാമെല്ലാവരും യഥാർത്ഥത്തിൽ സഹോദരീസഹോദരന്മാരാണെന്നും നമുക്കറിയാം. എന്നാൽ അനുദിന ജീവിതത്തിൽ ബന്ധുക്കളും സുഹൃത്തുക്കളുമല്ലാത്തവർ നമ്മെ സംബന്ധിച്ചിടത്തോളം അപരിചിതരുമാണെങ്കിൽ നമ്മുടെ ഹൃദയം വളരെ ചുരുങ്ങിപ്പോയി.

ജന്മപാപമില്ലാതെ ജനിച്ച് കർമ്മപാപമില്ലാതെ ജീവിച്ച പരി. അമ്മയുടെ ജനനതിരുനാൾ സെപ്റ്റംബർ 8-ാം തിയതി നാം ആഘോഷിക്കുമ്പോൾ

കണ്ണ് കുറ്റമറ്റതെങ്കിൽ ശരീരം മുഴുവൻ പ്രകാശിക്കും. (മത്താ. 6: 22)

പാപമാലിന്യമേശാത്ത പരി. അമ്മയെ നമുക്കും മാതൃകയാക്കാം. ഈ ലോക സുഖങ്ങളുടെ പിന്നാലെ പരക്കം പായാതെ ക്രിസ്തുവാകുന്ന വലിയ ലക്ഷ്യത്തിലേക്ക് നടന്നടുക്കുവാൻ പരി. അമ്മയുടെ മാദ്ധ്യസ്ഥം നമുക്ക് യാചിക്കാം. നമ്മുടെ ജീവിതത്തിലെ പ്രതികൂല സാഹചര്യങ്ങളിലും മറിയം നമ്മോട് ചേർന്നു നിന്ന് നമുക്കായി മാദ്ധ്യസ്ഥം യാചിക്കും. ദൈവവചനം ഹൃദയത്തിൽ സംഗ്രഹിച്ചു ജീവിക്കുന്നവരുടെ ജീവിതം അത്ഭുതം നിറഞ്ഞതായി മാറും. ദൈവവചനം പാലിക്കുന്നവരാണ് എന്റെ അമ്മയും സഹോദരങ്ങളും എന്ന കർത്താവിന്റെ വചനം നമുക്ക് വലിയ ഉൾക്കരുത്ത് പ്രദാനം ചെയ്യട്ടെ.

എല്ലാവരെയും സഹോദരീ സഹോദരന്മാരായി കാണാൻ-സ്നേഹിക്കാൻ-പ്രകൃതിയിലെ ജീവിജാലങ്ങളെപോലും ആത്മാർത്ഥമായി സ്നേഹിക്കാൻ കഴിഞ്ഞാൽ നാം ദൈവമക്കളായി തീരും.

**ഈശോയുടെ സ്വന്തം കൂട്ടുകാരി**

# സഭാ വാർത്തകൾ



**1. മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി ഓഗസ്റ്റ് 22 മുതൽ 25 വരെ:** പാലാ അൽഫോൻസ്യൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വെച്ച് ഓഗസ്റ്റ് 22 മുതൽ 25 വരെ സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ അഞ്ചാമത് സമ്മേളനം നടക്കും. 2022 ജനുവരിയിലെ സിനഡു സമ്മേളനമാണ് 2024 ഓഗസ്റ്റിൽ സഭാ അസംബ്ലി വിളിച്ചു ചേർക്കാൻ തീരുമാനിച്ചത്.

**2. സീറോ മലബാർ മെത്രാൻ സിനഡിന്റെ മൂന്നാം സമ്മേളനം:** സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയുടെ 32-ാമത് മെത്രാൻ സിനഡിന്റെ മൂന്നാം സമ്മേളനം സഭയുടെ ആസ്ഥാനകാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ ആരംഭിച്ചു. കാഞ്ഞിരപ്പള്ളി ബിഷപ്പ് മാർ ജോസ് പുളിക്കൽ നടത്തിയ ധ്യാനചിന്തകളോടെ സിനഡ് സമ്മേളനം ആരംഭിച്ചു. തുടർന്ന് വി. കുർബാനക്കുശേഷം മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. ഇന്ത്യയിലും വിദേശത്തുമായി സേവനം ചെയ്യുന്ന 53 മെത്രാൻമാരാണ് സമ്മേളനത്തിൽ പങ്കെടുത്തത്.

**3. എഫ്ഡി എസ് എച്ച് ജെ സന്യാസിനി സമൂഹം എപ്പാർക്കിയൽ പദവിയിലേക്ക് ഉയർത്തപ്പെട്ടു:** പുന്നവേലി (കോട്ടയം) കേന്ദ്രമാക്കിയുള്ള എഫ്ഡി എസ് എച്ച് ജെ സന്യാസിനി സമൂഹം എപ്പാർക്കിയൽ പ

ദവിയിലേക്ക് ഉയർത്തപ്പെട്ടു. ചങ്ങനാശ്ശേരി ആർച്ച് ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം ഇതു സംബന്ധിച്ച പ്രഖ്യാപനം നടത്തി.

**4. നൈജീരിയയിൽ കത്തോലിക്ക വിശ്വാസികളായ 20 മെഡിക്കൽ വിദ്യാർത്ഥികളെ തട്ടികൊണ്ടുപോയി:** നൈജീരിയയിൽ കത്തോലിക്ക വിശ്വാസികളായ ഇരുപതോളം മെഡിക്കൽ വിദ്യാർത്ഥികളെ തട്ടികൊണ്ടുപോയി. നൈജീരിയയിലെ ജോസ് യൂണിവേഴ്സിറ്റി, മൈദുഗുരി യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽ നിന്നുള്ള 20 മെഡിക്കൽ വിദ്യാർത്ഥികളെ തട്ടികൊണ്ടുപോയതായാണ് റിപ്പോർട്ട്. തട്ടി കൊണ്ടുപോയ മെഡിക്കൽ വിദ്യാർത്ഥികൾ കിഴക്കൻ നൈജീരിയയിൽ കത്തോലിക്ക സമ്മേളനത്തിൽ പങ്കെടുക്കുവാനിരിക്കുകയായിരുന്നുവെന്നും നൈജീരിയയിൽ അരങ്ങേറുന്ന നിർഭാഗ്യകരമായ ഓരോ സംഭവവും ക്രൈസ്തവരുടെ സുരക്ഷയെക്കുറിച്ച് കൂടുതൽ ഉത്കണ്ഠ ഉളവാക്കുകയാണെന്നും മകുർദി കത്തോലിക്ക രൂപത പ്രസ്താവന ഇറക്കി.

**5. ഫാ. ഡോ ഡെന്നീസ് കുറുപ്പശ്ശേരി കണ്ണൂർ രൂപതയുടെ നിയുക്ത സഹായമെത്രാൻ:** കണ്ണൂർ ലാറ്റിൻ രൂപതയുടെ സഹായ മെത്രാനായി മോൺ. ഡെന്നീസ് കുറുപ്പശ്ശേരിയെ ഫ്രാൻസിസ് പാപ്പ 2024 ഓഗസ്റ്റ് 15ന് നിയമിച്ചു. കൊടുങ്ങല്ലൂർ കോട്ടപ്പുറം രൂപതയിലെ പുരാതനമായ പള്ളിപ്പുറം മഞ്ഞുമാതാ ഇടവകാംഗമാണ് ഫാ. ഡെന്നീസ് കുറുപ്പശ്ശേരി. നിയുക്ത ബിഷപ്പ് 2001 മുതൽ വത്തിക്കാന്റെ നയതന്ത്രവിഭാഗത്തിൽ പ്രവർത്തിക്കുകയായിരുന്നു.

## ഇടവക വാർത്തകൾ

**18.08.2024 ഞായറാഴ്ച കൂടിയ പ്രതിനിധിയോഗ തീരുമാനങ്ങൾ**



1. വാർഷിക തെരട്ട് യോഗം അംഗീകരിച്ചു.
2. അടുത്ത വർഷത്തേക്കുള്ള കൈക്കാരന്മാരുടെ പാനൽ യോഗം അംഗീകരിച്ചു.

1. ഷാജു കിടങ്ങൻ
2. ലോറൻസ് പൂണത്ത്
3. ക്ലീറ്റസ് കൂനംപിലാവ്
4. ഫ്രാൻസീസ് മുത്തിപീടിക
5. ജയ്സൻ മുത്തിപീടിക
6. ജോസ് തെക്കിനിയത്ത്
7. സിബിൻ കല്ലൂക്കാരൻ
8. ബാബു പീറ്റർ തെക്കിനിയത്ത്
9. പോൾ ചീനാൻ

3. കല്ലറയിൽ നടത്തുന്ന മൃതസംസ്കാരത്തിന് അടക്കേണ്ട തുക ഇപ്പോൾ വർദ്ധിപ്പിക്കേണ്ടതില്ല എന്ന് തീരുമാനിച്ചു.

4. പാരിഷ് ഹാൾ സീലിംഗ് നടത്തുന്നതിന് ആവശ്യമായ പ്ലാൻ,

എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ തീരുമാനിച്ചു.

5. കെ.എസ്.ഇ.ബി. യുടെ സ്പെഷ്യൽ ബിൽ ആവശ്യവുമായി, കെ.എസ്.ഇ.ബി. ഓഫീസിൽ ബന്ധപ്പെട്ട് നടപടികൾ പൂർത്തിയാക്കുവാൻ യോഗം നിർദ്ദേശിച്ചു.

**ഫാ. പോൾ താണിക്കൽ**
വികാരി

**ശ്രീ. ലോറൻസ് പൂണത്ത്**
സെക്രട്ടറി

**ശ്രീ. ജോസ് തെക്കിനിയത്ത്**
നടത്ത് കൈക്കാരൻ

## വിശ്വാസപരിശീലന വാർത്തകൾ


1. ആഗസ്റ്റ് 15 ന് ഉച്ചതിരിഞ്ഞ് 5 മണിക്ക് വിശ്വാസപരിശീലന ദിനം ആഘോഷിച്ചു. വികാരിയച്ചൻ അദ്ധ്യക്ഷത വഹിച്ച യോഗം ഫാ. ബിജു പാണേങ്ങാടൻ ഉദ്ഘാടനം ചെയ്തു.

2. ഈ വർഷത്തെ ലോഗോസ് പരീക്ഷ സെപ്റ്റംബർ 29-ാം തിയതി ഉച്ചക്ക് 2 മണി മുതൽ നടത്തുന്നതായിരിക്കും.

**റാഫി എം. ജെ.**
പ്രിൻസിപ്പാൾ

**സോണിയ ലിന്റോ**
സെക്രട്ടറി

### ആരാധനാക്രമത്തിൽ "ഏലിയ-സ്ലീവാ-മൂശക്കാലം"



**കർത്താവിന്റെ രണ്ടാമത്തെ ആഗമനവും കുരിശിന്റെ വിജയവും ഇക്കാലം സൂചിപ്പിക്കുന്നു. സെപ്തംബർ 14-ാം തിയ്യതി ആചരിക്കുന്ന കുരിശിന്റെപുകഴ്ചയാണ്ഈകാലഘട്ടത്തിന്റെ കേന്ദ്രബിന്ദു. ലോകാവസാനം, മരണം, അവസാനവിധി എന്നിവയാണ് ഈ കാലഘട്ടത്തിന്റെ പ്രധാന വിഷയങ്ങൾ. അതോടൊപ്പം പിശാചിന്റെ പ്രലോഭനങ്ങൾക്കെതിരെ ജാഗ്രത പുലർത്തി പാപത്തെ തുടച്ചു മാറ്റാനുള്ള ആഹ്വാനവും നമുക്ക് നൽകുന്നു.**

**പ്രാർത്ഥന**

**പ്രവാചകൻമാരുടെ പ്രതീക്ഷയും പഴയനിയമത്തിന്റെ പൂർത്തീകരണവുമായ മിശിഹായേ, ദൈവദൂതൻമാരാൽപരിസേവിതനായികുരിശടയാളത്തോടുകൂടെ വാനമേഘങ്ങളിൽ നീ പ്രത്യക്ഷനാകുമ്പോൾ വിശുദ്ധരോടൊന്നിച്ച് നിന്നെ എതിരേൽക്കുവാൻ പാപികളായ ഞങ്ങളെ അനുഗ്രഹിക്കണമേ. ആമ്മേൻ.**

# കുടുംബകൂട്ടായ്മ വാർത്തകൾ

| | | | |
|---|---|---|---|
| **2024 സെപ്റ്റംബർ മാസത്തിലെ കുടുംബകൂട്ടായ്മകൾ** | | | |
| **01.09.2024 ഒന്നാം ഞായർ** | | | |
| 1. | വിമലനാഥ | ചീനാൻ അന്തോണി പോൾ | 2.30 pm |
| 2. | സെന്റ് റാഫേൽ | പാഴായി അന്തോണി ജോർജ്ജ് | 2.30 pm |
| 3. | നിർമ്മലമാത | | 3.15 pm |
| 4. | സെന്റ് തോമസ് | പാറയിൽ ദേവസ്സി വിൽസൻ | 3.15 pm |
| 5. | കർമ്മലമാത | വല്ലച്ചിറക്കാരൻ ഡേവിസ് അന്തേണി | 4.00 pm |
| 6. | സെന്റ് ജോസഫ് | തെക്കിനിയത്ത് ഔസേപ്പ് സ്റ്റാൻലി | 4.00 pm |
| 7. | മേരിമാത | വാർഷികം (8.9.24) | 4.45 pm |
| 8. | സെന്റ് ഫ്രാൻസിസ് സേവ്യർ | ചേറ്റുപുഴക്കാരൻ അന്തപ്പൻ ജിമ്മി | 4.45 pm |
| **08.09.2024 രണ്ടാം ഞായർ** | | | |
| 9. | ഡോൺ ബോസ്കോ | തളിക്കുളം ലോനപ്പൻ ആന്റു | 2.30 pm |
| 10. | സെന്റ് എവുപ്രാസ്യ | ചുള്ളിക്കാടൻ അന്തോണി കൊച്ചുത്രേസ്യ | 2.30 pm |
| 11. | തിരുകുടുംബം | പടിക്കല റപ്പായി തോമസ് | 3.15 pm |
| 12. | സെന്റ് വിൻസന്റ് ഡി പോൾ | വള്ളൂപ്പാറ ലോനപ്പൻ ജോസ് | 3.15 pm |
| 13. | സെന്റ് ഫ്രാൻസീസ് അസ്സീസി | തെക്കിനിയത്ത് പൗലോസ് ജോസ് | 4.00 pm |
| 14. | സെന്റ് പോൾ | കുറ്റിക്കാട്ട് പോൾ ജിയോ | 4.00 pm |
| 15. | ലിറ്റിൽ ഫ്ളവർ | കൊക്കൻ ജോർജ്ജ് പോൾ | 4.45 pm |
| 16. | തിരുഹൃദയം | | 4.45 pm |
| **15.09.2024 മൂന്നാം ഞായർ** | | | |
| 17. | സെന്റ് ജോൺ മരിയ വിയാനി | വള്ളൂപ്പാറ തോമസ് സോജൻ | 2.30 pm |
| 18. | സെന്റ് മദർ തെരേസ | മുത്തിപീടിക ലോനപ്പൻ ബെന്നി | 2.30 pm |
| 19. | സെന്റ് ജോർജ്ജ് | പുത്തൂര് തോമ ഡേവിസ് | 3.15 pm |
| 20. | സെന്റ് മേരീസ് | | 3.15 pm |
| 21. | സെന്റ് ആന്റണീസ് | കല്ലൂക്കാരൻ പൈലോത് ജോണി | 4.00 pm |
| 22. | സെന്റ് ജൂഡ് | ചിറമ്മൽ പുള്ളൂക്കാരൻ അന്തോണി റോസി | 4.00 pm |
| 23. | സെന്റ് അൽഫോൺസ | മാപ്രാണത്തുക്കാരൻ കൊച്ചപ്പൻ ബിജു | 4.45 pm |
| 24. | സെന്റ് സെബാസ്റ്റ്യൻ | പുത്തൂര് മാത്യു റാഫേൽ | 4.45 pm |
| **22.09.2024 നാലാം ഞായർ** | | | |
| 25. | സെന്റ് മിഖായേൽ | മാളിയേക്കൽ മാണിക്കത്തുപറമ്പിൽ ഔസേപ്പ് ദേവസ്സി | 3.00 pm |
| 26. | ദിവ്യഹൃദയം | എലുവത്തിങ്കൽ ജോസഫ് പോൾ | 3.00 pm |

*(എല്ലാ കുടുംബകൂട്ടായ്മകൾക്കും അരമണിക്കൂർ മുമ്പ് കുട്ടികൂട്ടായ്മകൾ ഉണ്ടായിരിക്കും.)*

**ജോബി പൊറുത്തൂക്കാരൻ**
കേന്ദ്രസമിതി കൺവീനർ

**ഷാജു വള്ളൂപ്പാറ**
സെക്രട്ടറി

# തിരുഹൃദയഭക്തി കർമ്മമാർഗ്ഗത്തിലൂടെ

## രക്തദാനം – തിരുഹൃദയ മഹത്വത്തിന്

**"എന്നാൽ പടയാളികളിലൊരുവൻ അവന്റെ പാർശ്വത്തിൽ കുന്തംകൊണ്ട് കുത്തി. ഉടനെ അതിൽ നിന്നും രക്തവും വെള്ളവും പുറപ്പെട്ടു"** (വി. യോഹ. 19:34).

ഈശോയുടെ തിരുഹൃദയത്തോടുള്ള സ്നേഹത്തെപ്രതി രക്തം നേർച്ചയായി നൽകികൊണ്ട് അവിടുത്തെ മഹത്വപ്പെടുത്താം. ഈ ശ്രേഷ്ഠമായ കാരുണ്യമാർഗ്ഗത്തിലൂടെ തിരുഹൃദയത്തിന്റെ സമാധാനം നമ്മളിലും, നമ്മുടെ കുടുംബങ്ങളിലും വർഷിക്കപ്പെടാൻ ഇടയാകട്ടെ.

## അന്നദാനം – തിരുഹൃദയസന്നിധിയിൽ

**"ഭക്ഷണം നിർല്ലോഭം നൽകുന്നവനെ എല്ലാവരും പുകഴ്ത്തും; അവന്റെ ഔദാര്യത്തെക്കുറിച്ചുള്ള അവരുടെ പ്രശംസ വിശ്വസനീയമാണ്"** (പ്രഭാ. 31:23)

തിരുഹൃദയ ഊട്ടിനുപുറമെ എല്ലാ മാസാദ്യവെള്ളിയാഴ്ചകളിലും 500 പേർക്ക് ഭക്ഷണം ആതുരാലായങ്ങളിലേക്ക് കൊടുക്കുന്നു.

## ധനദാനം – കാരുണ്യനിധി വഴി

**"സത്യമായി ഞാൻ നിങ്ങളോട് പറയുന്നു. എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്ത് കൊടുത്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്തു തന്നത്."** (മത്താ. 25:40)

കാരുണ്യനിധി എന്നപേരിൽ ഒരു ട്രസ്റ്റ് രൂപീകരിച്ച് ഒരു കോടി രൂപ സമാഹരിച്ച്, അതിൽനിന്ന് എല്ലാ മാസവും ഒരു ലക്ഷത്തോളം രൂപ ഇടവകാതിർത്തിയിലുള്ള നാനാജാതി മതസ്ഥരായ രോഗികൾക്കും മറ്റുവിധത്തിൽ കഷ്ടതയനുഭവിക്കുന്നവർക്കുമായി നൽകിവരുന്നു.

എല്ലാ മാസവും കാരുണ്യനിധിയിൽ നിന്ന് ഇടവകാതിർത്തിയിൽപെട്ട നാനാജാതി മതസ്ഥരായ വ്യക്തികൾക്ക് വിവിധ ആവശ്യങ്ങൾക്കായി ധനസഹായം വിതരണം ചെയ്തു. ഈ കർമ്മഭാവത്തെ പരിപോഷിപ്പിക്കുന്നതിന് ഏവരോടും സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു.

## നേത്രദാനം – കാഴ്ച നൽകാൻ

**"ലോകത്തിലായിരിക്കുമ്പോൾ ഞാൻ ലോകത്തിന്റെ പ്രകാശമാണ്"** (യോഹ. 9:5)

കാഴ്ചയെന്ന ദാനം ദാനമായി തന്നെ നൽകാൻ സന്നദ്ധതയറിയിച്ചവരുടെ കണ്ണുകൾ അവരുടെ മരണശേഷം ദാനം ചെയ്യുന്നു.

## സംഘടന വാർത്തകൾ

### തിരുഹൃദയസഖ്യം

ആഗസ്റ്റ് മാസത്തിൽ മാസാദ്യവെള്ളി തിരുഹൃദയ തിരുനാളിന്റെ തിരുകർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചത് **ഫാ. ആൻജോ ചേരിയക്കര** ആണ്. തിരുനാൾ ഭംഗിയാക്കുന്നതിനായി സഹകരിച്ച തിരുഹൃദയ സഖ്യം അംഗങ്ങൾക്കും കുടുംബകൂട്ടായ്മ ഭാരവാഹികൾക്കും എല്ലാവർക്കും നന്ദിപറയുന്നു. ആഗസ്റ്റ് മാസത്തിൽ മാസാദ്യവെള്ളി തിരുഹൃദയ തിരുനാൾ September 6 നാണ്. മാസാദ്യവെള്ളി ബുക്കിങ്ങ് – 2030 വരെയും, അന്നദാനം ബുക്കിങ്ങ് – 2025 വരെയും കഴിഞ്ഞിട്ടുണ്ട്. തുടർന്നുള്ള മാസങ്ങളിലേക്കുള്ള ബുക്കിംഗ് സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

ജനുവരി, ജൂൺ മാസങ്ങളിൽ ഊട്ടുതിരുനാൾ നടത്തുന്നതിന് 35,000/– രൂപയും മറ്റു മാസങ്ങളിൽ 30,000/– രൂപയുമാണ്. അന്നദാനം ബുക്കിങ്ങിന് 10,000/– രൂപയാണ്.

സെപ്റ്റംബർ മാസത്തിൽ മാസാദ്യവെള്ളി ഊട്ടുതിരുനാൾ നടത്തിപ്പിന് സഹകരിക്കേണ്ടത് **ആറാംകല്ല് മേഖല**യാണ്.

**ജോസ് തീതായ്**
സെക്രട്ടറി തിരുഹൃദയസഖ്യം

**ജെയ്സൺ മുത്തിപീടിക**
പ്രസിഡണ്ട് തിരുഹൃദയസഖ്യം



# വേളാങ്കണ്ണി തീർത്ഥയാത്രകൾ

എല്ലാ ശനിയാഴ്ച്ചകളിലും വൈകീട്ട് 6.30ന്
ഒല്ലൂർ മാലാഖയുടെ പള്ളിയുടെ മുൻപിൽ നിന്ന്
പുറപ്പെട്ട് ഞായർ വേളാങ്കണ്ണിയിൽ
തിങ്കൾ രാവിലെ 6ന് തിരിച്ചെത്തുന്നു.

സുഗമമായ യാത്രയും വൃത്തിയും സുരക്ഷിതത്വവുമുള്ള താമസ സൗകര്യവും
തൃശൂർ ഭക്ഷണവും നൽകി വരുന്നു.

യാത്രകളിൽ ഞാൻ കൂടെ ഉണ്ടായിരിക്കുന്നതാണ്.



**മോണിങ്ങ് സ്റ്റാർ ജോയ്: ഒല്ലൂർ**

**ജോയ് മുത്തിപീടിക– 9847 372 554**

## കെ. സി. വൈ. എം.

1. കെ.സി.വൈ.എം. സംഘടനയുടെ ആഭിമുഖ്യത്തിൽ മരത്താക്കര പള്ളി സ്കൂളിൽ ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിഞ്ഞവർക്ക് ഇടവകാംഗങ്ങളിൽ നിന്ന് പണം ശേഖരിച്ച് 25000/- രൂപ വികാരി പോൾ താണിക്കൽ അച്ചന്റെയും അസി. വികാരി ജിന്റോ ചിറമ്മൽ അച്ചന്റെയും സാന്നിധ്യത്തിൽ മരത്താക്കര വികാരി ഫാ. ജോബ് വടക്കൻ അച്ചന് എത്തിച്ചു നൽകി. സഹകരിച്ച എല്ലാവർക്കും ഈ അവസരത്തിൽ നന്ദി അറിയിക്കുന്നു.

2. 24-08-24 നാലാം ശനിയാഴ്ച ചെന്നായ്പ്പാറ ആശ്രമത്തിലേക്ക് പൊതിച്ചോറുകൾ കൊണ്ടുപോയി.

3. 28-09-24 നാലാം ശനിയാഴ്ച കെ. സി. വൈ. എം. സംഘടനയുടെ ആഭിമുഖ്യത്തിൽ പൊതിച്ചോറുകൾ കൊണ്ടുപോകുന്നു. എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

**ആഷ്‌ലിൻ റിച്ചാർഡ്** — **ഷെറിൻ ഷാജു**
പ്രസിഡണ്ട് — സെക്രട്ടറി

## തിരുഹൃദയ ദർശനസഭ

25-08-24 ഞായറാഴ്ച രാവിലെ 7 മണിയുടെ ദിവ്യബലിക്കു മുമ്പായി ദർശനസഭ വസ്ത്രവെഞ്ചിരിപ്പും സഭാവസ്ത്ര സ്വീകരണവും അംഗത്വവും അതിരൂപത ദർശനസഭ ഡയറക്ടർ റവ. ഫാ.പോൾസൺ പാലത്തിങ്കൽ നിർവഹിച്ചു. ഡയറക്ടർ അച്ചന്റെ കാർമ്മികത്വത്തിൽ നടന്ന ദിവ്യബലിക്കുശേഷം ബഹു. വികാരി ഫാ. പോൾ താണിക്കൽ അച്ചന്റെ അദ്ധ്യക്ഷതയിൽ പള്ളി ഹാളിൽ നടന്ന പ്രഥമ യോഗത്തിൽവെച്ച് അതിരൂപത ദർശനസഭ ഡയറക്ടർ അച്ചൻ, അതിരൂപത ഭാരവാഹികൾ ചേർന്ന് അടുത്ത ഒരു വർഷത്തേക്കുള്ള ദർശനസഭയുടെ ഭാരവാഹികളെ തിരഞ്ഞെടുത്തു.

| | |
|---|---|
| പ്രസിഡന്റ് | - ബാബുജോൺ വള്ളൂപ്പാറ |
| സെക്രട്ടറി | - ജോയ് മുത്തിപീടിക |
| ട്രഷറർ | - ഷാജു വള്ളൂപ്പാറ |
| വൈസ്പ്രസിഡന്റ് | - മേഴ്സി ആന്റോ |
| ജോ. സെക്രട്ടറി | - ടെസ്സി റപ്പായി |
| ജോ. ട്രഷറർ | - ലിസ്സി ജോയ് |
| രൂപതപ്രതിനിധി | - ജോസ് തീതായി |
| ചെമ്മദോര് | - ബിനോയ് കൊക്കൻ |

മേശകമ്മിറ്റി അംഗങ്ങൾ
ജോസ് തെക്കിനിയത്ത്, പോൾ ചീനാൻ, സെലിൻ വർഗ്ഗീസ്

**ബാബുജോൺ വള്ളൂപ്പാറ** — **ജോയ് മുത്തിപീടിക**
പ്രസിഡണ്ട് — സെക്രട്ടറി

## മീറ്റിംഗുകൾ - ദിവസം, സമയം

| | | |
|---|---|---|
| ഗായകസംഘം | ഒന്നാം ഞായർ | 3-ാമത്തെ കുർബ്ബാനയ്ക്കുശേഷം |
| അൾത്താരസംഘം | നാലാം ശനി | 10 am |
| കെ.സി.വൈ.എം. | നാലാം ഞായർ | 7 pm |
| യൂത്ത് സി.എൽ.സി. | രണ്ടാം ഞായർ | 3-ാമത്തെ കുർബ്ബാനയ്ക്കുശേഷം |
| ജീസസ് യൂത്ത് | എല്ലാ ശനിയും | 2-ാമത്തെ കുർബ്ബാനയ്ക്കുശേഷം |
| ലീജീയൻ ഓഫ് മേരി | എല്ലാ ശനിയും | 2-ാമത്തെ കുർബ്ബാനയ്ക്കുശേഷം |
| മാതൃവേദി | രണ്ടാം ശനി | 3.30 pm |
| സെന്റ് വിൻസന്റ് ഡി പോൾ (M) | ഞായറാഴ്ചകളിൽ | 2-ാമത്തെ കുർബ്ബാനയ്ക്കുശേഷം |
| സെന്റ് വിൻസന്റ് ഡി പോൾ (F) | ശനിയാഴ്ചകളിൽ | 1-ാമത്തെ കുർബ്ബാനയ്ക്കുശേഷം |
| പ്രാർത്ഥനാഗ്രൂപ്പ് (M) | ഞായറാഴ്ചകളിൽ | 3.30 pm |
| പ്രാർത്ഥനാഗ്രൂപ്പ് (F) | ചൊവ്വാഴ്ചകളിൽ | 11.00 am |
| സംഘടനാ ഏകോപന സമിതി | ഒന്നാം ഞായർ | 2-ാമത്തെ കുർബ്ബാനയ്ക്കുശേഷം |
| തിരുഹൃദയസഖ്യം | രണ്ടാം ഞായർ | 2-ാമത്തെ കുർബ്ബാനയ്ക്കുശേഷം |
| പ്രതിനിധിയോഗം | മൂന്നാം ഞായർ | 2-ാമത്തെ കുർബ്ബാനയ്ക്കുശേഷം |
| കുടുംബകൂട്ടായ്മ കേന്ദ്രസമിതി | നാലാം ഞായർ | 2-ാമത്തെ കുർബ്ബാനയ്ക്കുശേഷം |
| തിരുഹൃദയ നാദം പാരീഷ് ബുള്ളറ്റിൻ | രണ്ടാം ബുധൻ | വൈകീട്ട് 6.00ന് |

## കപ്പേളകളിൽ ലദീഞ്ഞ്, നൊവേന

**ഒന്നാം ശനി**

6.00 pm ചെറുശ്ശേരി കപ്പേള - ലദീഞ്ഞ്, നൊവേന, പാട്ടുകുർബ്ബാന
7.30 pm തെക്കുമുറി സെന്റ് ജോസഫ് കപ്പേള ലദീഞ്ഞ്, നൊവേന

**രണ്ടാം ശനി**

6.30 pm പടിഞ്ഞാട്ടുമുറി കപ്പേള ലദീഞ്ഞ്, നൊവേന
7.30 pm പാറകുളം സെന്റ് മേരീസ് കപ്പേള ലദീഞ്ഞ്, നൊവേന

**മൂന്നാം ശനി**

7.00 pm സെന്റ് തോമസ് കപ്പേള ലദീഞ്ഞ്, നൊവേന



## വിശുദ്ധരുടെ പാതയിൽ

## വ്യാകുലമാതാവ്

കുരിശിന്റെ പുകഴ്ചയുടെ തിരുനാളിന്റെ പിറ്റേദിവസം ദൈവ മാതാവിന്റെ വ്യാകുലതകളുടെ തിരുനാൾ കൊണ്ടാടുന്നു. 1814-ൽ ഏഴാം പിയൂസ് പാപ്പ സ്ഥാപിച്ചതാണ് ഈ തിരുനാൾ.

ദൈവമാതാവിന്റെ ശുദ്ധീകരണ ദിവസം ഉണ്ണീശോയെ ശെമയോന്റെ കരങ്ങളിൽ കാഴ്ചവെച്ചപ്പോൾ അദ്ദേഹം ആ കുഞ്ഞിനെ കൈയിലെടുത്തുകൊണ്ട് - ഈ ശിശു അനേകരുടെ ഉന്നമനത്തിനും അനേകരുടെ അധഃപതനത്തിനുമായി നിയുക്തനായിരിക്കന്നു എന്ന് പ്രഖ്യാപിച്ചുകൊണ്ടു മറിയത്തോടു പറഞ്ഞു. ഒരു വാൾ നിന്റെ ഹൃദയത്തെ ഭേദിക്കും. ഈ പ്രവചനമാണ് ഒന്നാമത്തെ വ്യാകുലം. ഹേറോദേസിന്റെ വാളിൽ നിന്നു രക്ഷപ്പെടാൻ ഈജിപ്തിലേക്കുള്ള പലായനം രണ്ടാമത്തെ വ്യാകുലതയും, പന്ത്രണ്ടു വയസ്സുള്ളപ്പോൾ ഈശോയെ ദൈവാലയത്തിൽ കാണാതായതു മൂന്നാമത്തെ വ്യാകുലതയുമായി.

ഈശോ ഗാഗുൽത്തായിലേക്കു കുരിശു വഹിച്ചുകൊണ്ടുപോകുന്ന കാഴ്ച മറിയത്തിന്റെ നാലാമത്തെ വ്യാകുലതയും, ഗാഗുൽത്തായിൽ കുരിശിൻ ചുവട്ടിൽ നില്ക്കുന്നത് അഞ്ചാമത്തെ വ്യാകുലതയും, ഈശോയുടെ മൃതശരീരം മടിയിൽ കിടത്തിയത് ആറാമത്തെ വ്യാകുലതയും, നമ്മുടെ കർത്താവിന്റെ സംസ്കാരം ഏഴാമത്തെ വ്യാകുലതയുമായി. ഇങ്ങനെ പ്രധാനപ്പെട്ട ഏഴു വ്യാകുലതകൾ ധ്യാനിക്കുന്നുണ്ടെങ്കിലും

ബെത്‌ലഹേമിലെ കാലിതൊഴുത്തും നസ്രത്തും പരസ്യജീവിതരംഗങ്ങളും എന്തുമാത്രം വ്യാകുലതകൾക്കു കാരണമായിട്ടുണ്ടെന്ന് ആർക്കു വർണ്ണിക്കാൻ കഴിയും. അതിനാൽ മറിയത്തെ രക്തസാക്ഷികളുടെ രാജ്ഞി എന്ന് സംബോധന ചെയ്യുന്നു.

പരി. വ്യാകുല മാതാവേ, എന്റെ അമ്മേ എന്റെ ഹൃദയം അങ്ങേ തിരുകുമാരന് ഏറ്റവും യോജിച്ച പൂങ്കാവാക്കണമേ.

◆◆◆



## നവാഗതർ

1. തളിക്കുളം ലിന്റോ + സ്റ്റെഫി - മേരി (കാതറിൻ ലിന്റോ)
2. മുള്ളൂക്കാരൻ അനു + ക്ലേലിയ - ആന്റണി (ജോമോൻ അനു)
3. വള്ളൂപ്പാറ ഡെയ്സൻ + നിവിയ - മരിയ (സൈറ മരിയ വി.ഡി.)



## നവദമ്പതികൾ

1. പെരിഞ്ചേരി - ചിറയത്ത് മഞ്ഞിയിൽ വിൻസൻ + ജിൻസി മകൻ എഡ്വിൻ

   കുറുമശ്ശേരി - മാളിയേക്കൽ ജോർജ്ജ് + ഷീന മകൾ സ്നേഹ



## വിട പറഞ്ഞവർ

1. തെക്കിനിയത്ത് ഔസേപ്പ് ഷാജു - സെന്റ്ജോസഫ് യൂണിറ്റ്



**വിശുദ്ധരുടെ വചസ്സുകൾ**

"ബെത്‌ലഹെമിലെ ചെറിയ പുൽക്കൂട്ടിൽ നടന്നതുപോലുള്ള അത്ര വലിയ ഒരത്ഭുതം ലോകത്തിൽ മറ്റൊരിടത്തും നടന്നിട്ടില്ല. ഇവിടെ ദൈവവും മനുഷ്യനും ഒന്നായി തീർന്നു."

**വി. തോമസ് അകെംപിസ്**

നന്മ പ്രവർത്തിക്കുന്നവൻ ദൈവത്തിന്റെ സ്വന്തമാണ്. (3 യോഹ. 11)

## അടിക്കുറിപ്പ് മത്സരം




അടിക്കുറിപ്പ് :

പേര് ........................................................................ Std ......................

വീട്ടുപേര് ..................................................................................................

..................................................... യൂണിറ്റ് ....................................

മികച്ച അടിക്കുറിപ്പ് എഴുതി തിരുഹൃദയനാദം ബുള്ളറ്റിൻ ബോക്സിൽ 2024 സെപ്റ്റംബർ 15-ാം തിയ്യതിക്ക് മുമ്പ് നിക്ഷേപിക്കുക. ഈ മത്സരത്തിൽ ഇടവകക്കാരായ വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം.

---



*അടിക്കുറിപ്പ് മത്സരം വിജയി*

**എബ്രിൻ. സി. എസ്.**, വിമലനാഥ യൂണിറ്റ്
സമ്മാനാർഹമായ അടിക്കുറിപ്പ് -
**''ഒത്തൊരുമിച്ചാൽ രക്ഷ നേടാം''**

തൃശൂരിലെ പ്രശസ്തമായ

# സുധർമ മെട്രോപൊളിസ് ലബോറട്ടറി

## ആനക്കല്ലിൽ പ്രവർത്തനമാരംഭിച്ചിരിക്കുന്നു



**SUDHARMA**
**METROPOLIS**
The Pathology Specialist

- 4500 ൽ പരം ബ്ലഡ് ടെസ്റ്റുകൾ
- തെറ്റുകുറ്റങ്ങളില്ലാത്ത രോഗനിർണ്ണയം
- എല്ലാ ഡോക്ടർമാരും വിശ്വാസമർപ്പിക്കുന്ന റിപ്പോർട്ടുകൾ
- ഏറ്റവും എളുപ്പം ലഭിക്കുന്ന ഓൺലൈൻ റിപ്പോർട്ടുകൾ
- വിവിധ പ്രായത്തിനനുയോജ്യമായ ഹെൽത്ത് പാക്കേജുകൾ
- ആഗോളവും ദേശീയവുമായ ഗുണമേന്മ അംഗീകാരങ്ങൾ



വീട്ടിൽ വന്ന് സാംപിൾ എടുക്കുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്

**LAB TIMING**


Monday - Saturday
7 AM - 5 PM

## സുധർമ മെട്രോപൊളിസ് ലബോറട്ടറി

OPP. ഖാദി ഇൻഡസ്ട്രീസ്, പോൾസ് കോംപ്ലക്സ്, ആനക്കല്ല്

7907730137, 9744110888, 9895359097

sudharmalabanakkallu@gmail.com



## നിറം കൊടുക്കൽ മത്സരം

പേര് ............................................................................ Std ......................

വീട്ടുപേര് ...................................................................................................

............................................................ യൂണിറ്റ് ........................................

കഴിഞ്ഞ ലക്കം മത്സരവിജയി- **ആഡ്‌ലിഷ്. കെ. എൽ.**, സെന്റ് ജോർജ്ജ് യൂണിറ്റ്

ഈ മത്സരത്തിൽ ഇടവകക്കാരായ വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം. ഈ ചിത്രത്തിന് നിറം കൊടുത്ത് തിരുഹൃദയനാദം ബുള്ളറ്റിൻ ബോക്സിൽ 2024 സെപ്റ്റംബർ 15-ാം തിയ്യതിക്കുമുമ്പ് നിക്ഷേപിക്കുക. നല്ല പെയിന്റിംഗിന് സമ്മാനം ഉണ്ടായിരിക്കും.

# കൈലാത്ത്

## ഡ്രൈക്ലീനിംഗ് & അയേണിംഗ് സെന്റർ

**പാറക്കോവിൽ ബസ്സ്റ്റോപ്പിന് സമീപം,**
**മണവാങ്കോട്, പെരിഞ്ഞേരി – 680 306**



പ്രിയരെ,

വെങ്ങിണിശ്ശേരി, ഊരകം, ആറാട്ടുപുഴ എന്നി സ്ഥലങ്ങളിൽ പ്രവർത്തിച്ചുവരുന്ന **കൈലാത്ത് ഡ്രൈക്ലീനിംഗ് & അയേണിംഗ് സെന്റർ** എന്ന സ്ഥാപനത്തിന്റെ പുതിയ ബ്രാഞ്ച് **മണവാങ്കോട് പാറക്കോവിൽ ബസ്സ്റ്റോപ്പിന് സമീപത്തായി** തുറന്നുപ്രവർത്തനമാരംഭിച്ചിരിക്കുന്ന വിവരം നിങ്ങളേവരെയും സഹർഷം അറിയിക്കുന്നു.

നാളിതുവരെ നിങ്ങൾ നൽകിയ സഹകരണങ്ങൾക്ക് നന്ദി പറയുന്നതോടൊപ്പം തുടർന്നും ഏവരുടെയും സഹകരണങ്ങൾ പ്രതീക്ഷിച്ചുകൊള്ളുന്നു

**ഡോർ ഡെലിവറി സൗകര്യമുണ്ടായിരിക്കും**
**വസ്ത്രങ്ങൾ വീടുകളിൽ വന്ന് എടുക്കുന്നതാണ്.**

എന്ന്,
പ്രൊപ്രൈറ്റർ





**9037677985, 9961577985**

9747731555

## തിരുഹൃദയനാദം ക്വിസ് 159

**(പ്രഭാഷകൻ 38, 39 അധ്യായങ്ങൾ, 2024 ആഗസ്റ്റ് കത്തോലിക്കസഭ, തിരുഹൃദയനാദം)**

1. ദുഃഖം എന്തിൽ കലാശിക്കുന്നു ?
2. ഓരോന്നും സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് എന്തിനു വേണ്ടിയാണ് ?
3. എന്തിൽനിന്ന് ഒഴിഞ്ഞാലാണ് നമുക്ക് ജ്ഞാനം ലഭിക്കുക ?
4. 52-ാം അന്തരാഷ്ട്ര ദിവ്യകാരുണ്യ കോൺഗ്രസ്സ് നടന്ന രാജ്യം ?
5. വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ എന്ന് ?
6. ഒരുവൻ പൂർണമായും സ്വതന്ത്രനാകുന്നത് എപ്പോൾ ?
7. കോറിന്തോസിലെ ക്രൈസ്തവ സമൂഹത്തിന്റെ സ്ഥാപകൻ ?
8. അൾത്താരബാലന്മാരുടെ മദ്ധ്യസ്ഥൻ ?
9. വി. എവുപ്രാസ്യമ്മയുടെ തിരുനാൾ എന്ന് ?
10. വൈദ്യന്റെ ജ്ഞാനം എവിടെനിന്ന് വരുന്നു ?

### നിബന്ധനകൾ

ഈ മത്സരത്തിൽ ഇടവകക്കാരായ ആർക്കുവേണമെങ്കിലും പങ്കെടുക്കാം. ഉത്തരം 2024 സെപ്റ്റംബർ 15-ന് മുമ്പ് പാരിഷ് ബുള്ളറ്റിൻ ബോക്സിൽ ഇടുക. 2024 സെപ്റ്റംബർ 29-ന് മൂന്നാമത്തെ കുർബ്ബാനയ്ക്കുശേഷം വിജയിക്ക് സമ്മാനം നല്കുന്നതായിരിക്കും. നറുക്കെടുപ്പിലൂടെ വിജയിയെ നിശ്ചയിക്കുന്നതാണ്.

### തിരുഹൃദയനാദം ക്വിസ് – 158 ന്റെ ഉത്തരങ്ങൾ

1. ഭാര്യ 2. ചിന്തയാണ് 3. രോഗത്തിന് 4. ഉപദേശം 5. വേനൽ 6. വി. ചാവറയച്ചൻ 7. വി. ഇഗ്നേഷ്യസ് ലയോള 8. ഏഴരപ്പള്ളികൾ 9. വി. ഡൊമിനിക് 10. ചവറുപോലെയാണ്

### ശരിയുത്തരങ്ങൾ അയച്ചവർ

1. കൊച്ചുമേരി പോൾസൺ 2. സിസിലി ഡേവിസ് 3. ജോസ് പി. ആർ 4. ചെറുപുഷ്പം ജോസ് 5. ഡെയ്സി സണ്ണി 6. ജോയ്സി ബിനോജ് 7. എനോവിൻ തട്ടിൽ 8. ലീന പിയൂസ് 9. ആൽഫ്രഡ് ചേലപ്പാടൻ 10. വർഗ്ഗീസ് പെരിക്കൻ 11. ഡെന്ന വർഗ്ഗീസ് 12. വിപിൻ വർഗ്ഗീസ് 13. മേഗി വർഗ്ഗീസ് 14. റീന ജോജു 15. ജോയൽ പോൾ 16. ലാലു ഷാജി 17. ജൂവൽ കെ.ജെ. 18. ലിറ്റിന പി.എസ്. 19. ജിഷ ജോമി 20. സിൽവി ടോമി 21. ജെസ്ലോ ജോമി 22. റീത്ത ജോസ് 23. ക്രിസ്റ്റീന പി.എസ്. 24. ഗ്രെയ്സി റപ്പായി 25. ഷിജി റാഫി 26. അൽഫോൻസ പൗലോസ് 27. മേരി ജോസഫ് 28. ഷെറീന പി.എസ്.



# തിരുവചന വായനകൾ

## സെപ്റ്റംബർ 2024

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| മത്താ. 17: 9-13 **1** നിയ.18:14-22 ഹെബ്രാ. 11: 23-29 | ലൂക്കാ 3: 7-14 **2** ഗലാ. 5: 19-26 | മത്താ. 12: 38-42 **3** റോമാ 2: 1-11 | മത്താ. 12: 33-37 **4** യാക്കോ. 3: 1-12 | മത്താ. 25: 31-40 **5** യാക്കോ. 2: 14-17 | മത്താ. 24: 1-14 **6** 2 തിമോ. 3: 1-9 | ലൂക്കാ 13: 1-5 **7** വെളി. 2: 1-7 |
| മത്താ. 1: 1-16 **8** ഉത്പ.17:15-22 വെളി. 12: 1-6 | മത്താ. 24: 45-51 **9** 1 തിമോ. 6: 11-16 | മർക്കോ. 11:12-14,20-26 **10** വെളി. 3: 14-22 | മത്താ. 25: 1-13 **11** വെളി. 22: 10-19 | മർക്കോ. 13: 32-37 **12** 1 തിമോ. 4: 1-11 | ലൂക്കാ 22: 39-46 **13** 1 പത്രോ. 5: 5-11 | ലൂക്കാ 24: 13-27 **14** 1 കോറി. 1: 18-25 |
| മത്താ. 10: 34-42 **15** സംഖ്യ21:1-9 ഗലാ. 6: 11-18 | ലൂക്കാ 18: 31-34 **16** 1 കോറി. 10: 1-6 | യോഹ. 3: 13-21 **17** കൊളോ. 2: 6-15 | ലൂക്കാ 24: 13-35 **18** ഹെബ്രാ. 12: 1-3 | യോഹ. 11: 45-57 **19** എഫേ. 2: 11-22 | ലൂക്കാ 20: 9-19 **20** അപ. 4: 1-12 | മത്താ. 9: 9-13 **21** ഹെബ്രാ. 11: 23-26 |
| മത്താ. 24: 29-36 **22** ഉത്പ. 9:8-17 1 കോറി. 1: 18-25 | മത്താ. 24: 15-28 **23** 1 കോറി. 10: 1-13 | യോഹ. 7:15-31,40-23 **24** 1 യോഹ. 2: 18-29 | ലൂക്കാ 12: 54-59 **25** വെളി. 19: 11-15 | ലൂക്കാ 17: 20-25 **26** 1 കോറി. 5:9-13,6:9-11 | മത്താ. 9: 35-38 **27** 1 കോറി. 1: 26-31 | മത്താ. 4: 12-17 **28** 2 പത്രോ. 3: 10-13 |
| യോഹ. 12: 27-36 **29** ഉത്പ.41:37-45 ഹെബ്രാ. 1: 1-4 | മത്താ. 13: 44-52 **30** 2 തിമോ. 3: 12-17 | | | | | |

''ഇതാ, ഞാൻ വേഗം വരുന്നു. എന്റെ സമ്മാനവും ഞാൻ കൊണ്ടുവരുന്നുണ്ട്. ഓരോരുത്തർക്കും സ്വന്തം പ്രവൃത്തികൾക്കനുസൃതം പ്രതിഫലം നല്കാനാണു ഞാൻ വരുന്നത്. ഞാൻ ആൽഫയും ഒമേഗയുമാണ് - ഒന്നാമനും ഒടുവിലത്തവനും - ആദിയും അന്തവും.'' (വെളി.22:12-13).

916 HALLMARKED JEWELLERY
BIS

പുളിക്കൻസിന്റെ പാരമ്പര്യം ചേർപ്പിനോളം

# പുളിക്കൻസ്

## ജ്വല്ലറി

**WHOLESALERS & RETAILERS**
PULICKENS TOWER MAIN ROAD,CHERPU
MOB:9947335544,9495342029

**ചേർപ്പിലെ ഏറ്റവും വലിയ ഹോൾസെയിൽ & റീട്ടെയിൽ ഷോറൂം**






everyday BAKES

EASTFORT | IRINJALAKUDA | ANAKKALLU | KURIACHIRA | PUNKUNNAM

7356715111 7356155111 7356795111 7736716111 7356355111

mail@everydaybakes.in everydaybakesindia

Printed and Published by Rev. Fr. Paul Thanikkal, Vicar, Sacred Heart Shrine, Perinchery, Ph:0487-2342423
(For Private Circulation Only) Design : Smriti design, Printed at Nirmala Offset, Chalakudy